NERVEEDHI
Volume -12, Issue - 03, 10th March 2023, Monthly, Price ₹ 25, Published at Kottayam
വാല്യം-12, ലക്കം-03, മാർച്ച് 2023 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

## മരണച്ചങ്ങല പൊട്ടിച്ചെറിഞ്ഞു നിത്യജീവനിലേയ്ക്ക്...

പേജ് 7



Editorial

# പണത്തിന്റെ സ്വാധീനം പുറത്താകട്ടെ

**പ**ണത്തിന്റെ സ്വാധീനം ദൈവസഭകളുടെ ആത്മീക അധ:പ്പതനത്തിന് വഴിയൊരുക്കുന്ന കാഴ്ച നാം കണ്ടുവരികയാണ്. തൽഫലമായി ദ്രവ്യാഗ്രഹം ഒട്ടു മിക്ക വിശ്വാസികളെയും കീഴടക്കിക്കളഞ്ഞുവോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക അനുഗ്രഹങ്ങളാണ് ദൈവത്തിന്റെ അനുഗ്രഹം എന്നു പലരും ധരിക്കുന്നു. ദാരിദ്ര്യം ഒരു ശാപമായി പലരും കണക്കാക്കുന്നു. എങ്ങനെയും സാമ്പത്തിക ഉയർച്ച പ്രാപിക്കണം എന്ന ലക്ഷ്യത്തിലുള്ള ഉപവാസവും പ്രാർത്ഥനയും ആരാധനയുമായി സഭയുടെ കൂടിവരവുകൾ ലക്ഷ്യം തെറ്റിപ്പോയിരിക്കുന്നു. നിത്യതയെക്കുറിച്ച് ചിന്തിക്കുവാനോ നിത്യതയിലെ പ്രതിഫലം ലക്ഷ്യമാക്കി ജീവിക്കുവാനോ പ്രവർത്തിക്കുവാനോ കഴിവില്ലാതെ ആയിത്തീർന്നു വിശ്വാസിസമൂഹം. സാമ്പത്തിക ഉയർച്ചയുടെ മോഹന വാഗ്ദാനങ്ങൾ നൽകി ജനങ്ങളെ കോരിത്തരിപ്പിക്കുന്നതായി ഇന്നത്തെ വചന ശുശ്രൂഷകൾ. അതാണ് ഉണർവായി ഇന്ന് ജനങ്ങൾ കാണുന്നത്. ദൈവാശ്രയം കുറയുകയും പണത്തിന്മേൽ ആഗ്രഹം വർധിക്കുകയും ചെയ്യുന്നു. പണമില്ലാത്തവൻ പിണമാണ് എന്ന പഴഞ്ചൊല്ല് ശരി എന്ന് സമർത്ഥിക്കുന്നവരായി തീർന്നു പോയോ നാമും?

അല്പം സാമ്പത്തിക ഉയർച്ച ഉണ്ടായാൽ പെട്ടെന്ന് പലരും അഹങ്കാരികൾ ആകുന്നു. ദരിദ്രരെ അവഗണിക്കുന്നവരായിത്തീർന്നു പോകുന്നു പലരും. സഭകൾക്ക് ഉള്ളിൽ മുഖപക്ഷ മനോഭാവം വർദ്ധിക്കുന്നു. അത് അനൈക്യത്തിന് കാരണമായിത്തീരുന്നു. പണമുള്ളവരിൽ ആധിപത്യ മനോഭാവം വർധിക്കുകയും തങ്ങൾ പറയുന്നതുപോലെ സഭയിൽ എല്ലാ കാര്യങ്ങളും നടക്കണം എന്ന് അവർ ശഠിക്കുകയും ചെയ്യുന്നത് ഭിന്നതയ്ക്ക് കാരണമായി മാറുന്നു. സാമ്പത്തികത്തിലോ, മറ്റ് ഏതിലെങ്കിലുമോ കുറവുള്ളവർ എന്നു സ്വയം ചിന്തിക്കുന്നവർ ചിലപ്പോൾ അപകർഷതാബോധത്തിന് അടിമകൾ ആവുകയും സ്വയം അവർ മറ്റുള്ളവരിൽ നിന്ന് അകന്ന് ഒതുങ്ങിപ്പോവുകയും ചെയ്യുന്നു. ഈവക ദോഷങ്ങൾ എല്ലാം മാറ്റിയെടുക്കണമെങ്കിൽ ക്രിസ്തുവിൽ നാം ആരാണ് എന്ന ബോധത്തിലൂടെ നാം ഓരോരുത്തരും യഥാസ്ഥാനപ്പെടണം. ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ നിറയുകയും താഴ്മയുടെ മനോഭാവം നമ്മിൽ വളരുകയും ചെയ്യണം. ഈ ലക്കത്തിലെ സന്ദേശം ഈ വിഷയത്തിൽ നമ്മുടെ കണ്ണ് തുറപ്പിക്കുവാൻ സഹായകരമാകട്ടെ. പരസ്പര വിശ്വാസവും ബഹുമാനവും സ്നേഹവും വർദ്ധിപ്പിക്കുവാൻ നമുക്ക് ഉത്സാഹിക്കാം.

വഷളത്തവും മ്ലേച്ഛതയും കൊടുങ്കാറ്റു പോലെ ആഞ്ഞടിക്കുന്ന ഒരു ദുഷ്ക്കാലയളവിലാണ് നാം ജീവിക്കുന്നത്. പെന്തക്കോസ്തിന്റെ ആരംഭ നാളുകളിൽ പണത്തിനു വളരെ ദാരിദ്ര്യം ഉണ്ടായിരുന്നു എങ്കിലും കവിഞ്ഞൊഴുകുന്ന സ്നേഹത്തിത്തിന്റെയും സന്തോഷത്തിന്റെയും സമൃദ്ധി അനുഭവിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നു. ഇന്നാകട്ടെ അത്യന്താധുനിക സംവിധാനങ്ങളും സൗകര്യങ്ങളും എല്ലാം വർധിച്ചു എങ്കിലും സ്നേഹത്തിനും സഹകരണത്തിനും മഹാദാരിദ്ര്യമാണ് അനുഭവപ്പെടുന്നത്. ഈ യാഥാർഥ്യം നിലനിൽക്കുമ്പോൾ ആധുനിക സംവിധാനങ്ങളെ എല്ലാം ദുരുപയോഗം ചെയ്തു കൊണ്ട് സ്വാർത്ഥ തല്പരരായി ദൈവത്തിൽ നിന്നും ഓടിയകലുന്ന ദുര്യോഗമാണ് സമൂഹത്തിലെങ്ങും ദൃശ്യമാകുന്നത്. ആസന്നമായിരിക്കുന്ന നാശത്തെ ഒഴിഞ്ഞു നിത്യത കരഗതമാക്കേണ്ടതിനു എല്ലാ പ്രിയപ്പെട്ടവരും സ്നേഹനിധിയായ കർത്താവിങ്കലേക്കു മടങ്ങിവരണം എന്ന് ആഹ്വാനം ചെയ്തു കൊണ്ട് ഈ ലക്കം മാസിക പ്രാർത്ഥനാപൂർവ്വം സമർപ്പിക്കുന്നു.

പുസ്തകം 12 ലക്കം 3
മാർച്ച് 2023

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.
**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ക്രിസ്തുവിൽ സമ്പന്നർ** 4
ജോയ് എം. തോമസ്

**മരണച്ചങ്ങല പൊട്ടിച്ചെറിഞ്ഞു ....** 7
സാജു മാത്യു

**വ്യാജവും ഭോഷ്ക്കും എന്നോട് അകറ്റണമേ....** 9
ജോർജ് മാത്യു, പുതുപ്പള്ളി

**ഉചിതമായ സത്യാരാധന -2** 11
ചെയ്സ് ജോസഫ്

**പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങൾ** 13
ബില്ലിഗ്രഹാം

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**സകലവിധ ദോഷങ്ങളുടെയും ഉറവിടം...** 18
പി.വി. വർഗീസ്

**ഗുണ്ടർട്ടിന്റെ ജീവിതാന്ത്യം** 21
ബെഞ്ചമിൻ വർഗീസ്

**വനിതാ വീഥി** 23
ജെസ്സി സാജു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**ക്രൈസ്തവ സഹനം** 31
എംസി



ജോയ് എം. തോമസ്

# ക്രിസ്തുവിൽ സമ്പന്നർ

**ലോ**കത്തിലെ പ്രമുഖ ധനാഢ്യരും ബഹുരാഷ്ട്ര കമ്പനികളുടെ ഉടമസ്ഥരും പരസ്പരം മത്സരിക്കുന്നത് ലോകത്തിലെ ധനികന്മാരിൽ ഒന്നാമനാകുവാൻ ആകുവാൻ വേണ്ടിയാണ്.ലോകത്തിലെ പ്രമുഖ ധനവാന്മാരുടെ ലിസ്റ്റിൽ ഇടം കണ്ടെത്തുക എന്നതുതന്നെ ഇവരുടെ ലക്ഷ്യമാണ്.ലോകത്തിലെ ധനം മുഴുവൻ ആകെ ജനസംഖ്യയുടെ ചെറിയ ഒരു ശതമാനത്തിന്റെ കൈകളിൽ ആണെന്നുള്ളതാണ് പരമാർത്ഥം. അരച്ചാൺ വയറ് നിറയ്ക്കുന്നതിനുള്ള പരക്കം പാച്ചലിലാണ് ശതകോടികൾ. ഇന്ന് ബഹുഭൂരിപക്ഷം ജനങ്ങളെയും ചലിപ്പിക്കുന്ന ശക്തി (Driving force) പണം ആണ്. സാമ്പത്തിക ഭദ്രത എല്ലാവരും ആഗ്രഹിക്കുന്നു. അപ്പോസ്തലനായ പൗലോസ് തന്റെ ലേഖനത്തിൽ കുറിച്ചിരിക്കുന്ന ഒരു വാക്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കുകയാണ്. ***നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നവല്ലോ ( 1 കൊരിന്ത്യർ 8 :9).***

സമ്പന്നനായ ക്രിസ്തു നമുക്കായി ദരിദ്രനായിത്തീരുകയും തത്ഫലമായി ദരിദ്രരായിരുന്ന നമ്മെ സമ്പന്നരാക്കുകയും ചെയ്ത ദൈവകൃപ നാം നന്നായി അറിയേണ്ട സത്യമാണ്. ഇന്ന്, നാം ക്രിസ്തുവിൽ സമ്പന്നരായിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. പലരും ഈ സത്യം ഗ്രഹിക്കേണ്ടത്പോലെ ഗ്രഹിച്ചിട്ടില്ല; ചിലർ ഇത് ദുർവ്യാഖ്യാനംചെയ്ത് പഠിപ്പിച്ചതിനാൽ സാമ്പത്തിക ഉയർച്ച ഈ ലോകത്തിൽത്തന്നെ പ്രാപിക്കണമെന്നു ധരിച്ചിരിക്കുന്നു. അതായതു സാമ്പത്തിക ഉയർച്ച തരുവാനാണ് യേശു ദരിദ്രനായിത്തീർന്നതെന്ന് പഠിപ്പിക്കുന്നു.

സമ്പന്നത എന്നത് ഒന്നിനും കുറവില്ലാതെ എല്ലാം ഉള്ള അവസ്ഥയാണ്. എല്ലാം ഉള്ളവൻ അഥവാ ഉള്ളതിന്റെ എല്ലാം ഉടമസ്ഥനായവനാണ് സമ്പന്നൻ. മറ്റൊരു വ്യക്തിയുടെ സമ്പത്ത് കൈകാര്യം ചെയ്യുന്നവൻ കാര്യസ്ഥനാണ് (steward). ഇനി ചിന്തിച്ച് നോക്കിക്കേ... ഈ ഭൂമിയിൽ അൽപ്പായസുള്ള മനുഷ്യന് സമ്പന്നനാകുവാൻ കഴിയുമോ? നേടി എന്ന് കരുതുന്നതെല്ലാം ഉപേക്ഷിച്ചിട്ട് പോകേണ്ടവനല്ലേ മനുഷ്യൻ? ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല, ഇവിടെ നിന്ന് നാം ഒന്നും കൊണ്ടുപോവുകയുമില്ല (1 തിമൊഥെയോസ് 6:7) എന്നതല്ലേ പരമാർത്ഥം? അതുകൊണ്ടല്ലേ ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്ന് വെപ്പിൻ എന്ന ബുദ്ധിയുപദേശം നമുക്ക് നൽകിയിരിക്കുന്നത്.

ഭൗതിക സമ്പത്തിന്റെ വളർച്ചയും നേട്ടവും കണ്ട് സമ്പന്നനായി എന്ന് ചിന്തിക്കുന്ന മനുഷ്യൻ ഭോഷനെന്നാണ് കർത്താവ് നമ്മെ ഓർപ്പിക്കുന്നത്. കർത്താവ് സുന്ദരമായ ഒരു ഉദാഹരണം അഥവാ ഒരു ഉപമ അതേക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ധനവാനായൊരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ: ഞാൻ എന്ത് ചെയ്യേണ്ടൂ? എന്റെ വിളവ് കൂട്ടിവയ്പ്പാൻ സ്ഥലം പോരാ എന്ന് ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞത്: ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവയ്ക്കും. എന്നിട്ട് എന്നോടുതന്നെ: നിനക്ക് ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചു വച്ചിരി

ക്കുന്നു; ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദി ക്ക എന്നു പറയും. ദൈവമോ അവനോട്: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദി ക്കും. പിന്നെ നീ ഒരുക്കിവച്ചത് ആർക്കാകും എ ന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇ ങ്ങനെ ആകുന്നു (ലൂക്കോസ് 12 :16 -21). എത്ര സമ്പത്ത് ഒരാൾ ഈ ലോകത്തിൽ വാരിക്കൂട്ടിയാ ലും ആ സമ്പത്ത് അവന്റെ ജീവന് ആധാരം ആ യിരിക്കുന്നില്ല. (ലൂക്കോസ് 12: 15 ). പ്രാണന്റെ ഉട യവനായ ദൈവം പ്രാണനെ എടുത്താൽ ഏതു മ നുഷ്യനും ആറടി മണ്ണ് മാത്രമേ ലഭിക്കൂ. അതിനാൽ യഥാർത്ഥ സമ്പന്നർ ലോകത്തിലുള്ളവരാരുമല്ല.

ദൈവീക വിഷയത്തിൽ സമ്പന്നരാകുന്നവരാണ് യഥാർത്ഥ സമ്പന്നർ. അവർ അവരുടെ ആത്മാ വിനെ നേടിയവരാണ്. ഒരു മനുഷ്യൻ സർവ ലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടു ത്തിയാൽ അവന് എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും? (മത്തായി 16: 26) എന്നാൽ കർത്താവിന്റെ ചോദ്യത്തിന്റെ ആധികാരികതയും അർത്ഥവും നാം മനസ്സിലാക്കണം. നമുക്ക് നേടു വാനുള്ള ഏറ്റവും വലിയ ധനം നമ്മുടെ ആത്മാവ് തന്നെയാണെന്നുള്ളത് ഓരോരുത്തരും മനസ്സി ലാക്കേണ്ടതുണ്ട്. നിത്യജീവന്റെ അവകാശികൾ ആ കുക എന്നതാണ് ഏറ്റവും വലിയ നേട്ടം. അ തുകൊണ്ട് രക്ഷിക്കപ്പെട്ട ഓരോരുത്തരും ക്രിസ്തു വിൽ സമ്പന്നരായിരിക്കുന്നു.

ധനവാന്റെയും ലാസറിന്റെയും സംഭവകഥ ന മുക്ക് ഏറ്റവും പരിചിതമാണ്. ലൂക്കോസിന്റെ സു വിശേഷം പതിനാറാം അധ്യായത്തിലാണല്ലോ ഈ സംഭവം വിവരിച്ചിരിക്കുന്നത്. ധനത്തെക്കുറിച്ചാ യിരുന്നല്ലോ ഈ അധ്യായത്തിൽ കർത്താവ് സം സാരിച്ചത്. ഭൂമിയിലായിരുന്നപ്പോൾ ധനവാൻ ഒരു ശതകോടീശ്വരൻ ആയിരുന്നു. ലാസറോ ദരിദ്രന്മാ രിൽ ദരിദ്രനും. വാസ്തവത്തിൽ ധനവാൻ ആരാ യിരുന്നു? ദരിദ്രൻ ആരായിരുന്നു? ധനവാൻ സമ്പ ന്നനായിരുന്നു എന്നദ്ദേഹവും ലോകവും കരുതി. ലോകത്തിലെ സുഖവും ആഡംബരവും ബഹുമാ നവും പദവിയും ഒക്കെ അദ്ദേഹത്തിന് ലഭിച്ചു. പക്ഷേ അത് നീണ്ടു നിന്നില്ല. മരണം എല്ലാം അ പഹരിച്ചു. ലാസറിനെ ദരിദ്രനും ഹതഭാഗ്യനുമായി ലോകം കണ്ടു, അറപ്പോടെ മാറിനിന്നു. പക്ഷേ മ രണം അദ്ദേഹം എത്ര സമ്പന്നനായിരുന്നു എന്ന് വെളിപ്പെടുത്തി. സ്വർഗ്ഗ ദൂതന്മാരാലോ നയിക്കപ്പെട്ട വനായി അദ്ദേഹം സ്വർഗ്ഗപുരിയിലെത്തി. ധനവാന്റെ സ്ഥിതിയോ? ഒരു തുള്ളി വെള്ളത്തിനു വേണ്ടി വലയുന്ന, കെഞ്ചുന്ന, ദാരിദ്ര്യത്തിന്റെ അടിത്ത ട്ടിൽ! നരകയാതനയിൽ ഭൂമിയിൽ അനുഭവിച്ച സുഖങ്ങൾ ഓർക്കുവാൻ പോലും ഈ ഹതഭാ ഗ്യനു കഴിയുന്നില്ല. ഇവിടെ യഥാർത്ഥസമ്പന്നൻ ലാസർ അല്ലേ?

ദൈവമക്കളായ നാം ഈ ജീവിത യാഥാർത്ഥ്യ ങ്ങളെ തിരിച്ചറിയണം. ദൈവത്തിന്റെ കണ്ണുകളിൽ ക്കൂടി കണ്ട് സകലത്തെയും വിവേചിച്ച് ജ്ഞാനി കളായി ഈ അൽപ്പായുസിൽ ജീവിക്കുവാൻ കഴി യണം. ദ്രവ്യാഗ്രഹത്തിന്റെ വശീകരണത്തില കപ്പെടാതെ ദൈവസ്നേഹത്തിന്റെ തികവിൽ വള രുവാൻ നമുക്ക് കഴിയണം.

ധനവാൻ എന്ന പേർ പറയുവാൻ ശരിക്കും യോഗ്യത ഉള്ളത് യേശുക്രിസ്തുവിനാണ്. സകല ത്തിന്റെയും സ്രഷ്ടാവും ഉടയവനുമായ അവിടുന്ന് എല്ലാം ത്യജിച്ച് തന്നെത്തന്നെ ശൂന്യനാക്കി മനു ഷ്യവേഷത്തിൽ ഈ ലോകത്തിൽ ദരിദ്രനായി വ ന്നു. മഹാകവി കെ വി സൈമൺ സാർ പാടിയത് പോലെ; പരമ സമ്പന്നൻ ഈ ധരണിയിലേറ്റം ദരിദ്രനായിത്തീർന്നു സ്വമനസ്സാൽ, നിരുപമ പ്രഭയണിഞ്ഞിരുന്നവൻ പഴന്തുണി ധരിച്ചതും ചെറിയ സംഗതിയോ? പ്രിയപ്പെട്ടവരെ, ഇത് ന മ്മോട് കാണിച്ച ദൈവത്തിന്റെ അളവില്ലാത്ത കൃ പയാണ്. നഗ്നരായി ലോകത്തിൽ വന്ന, നഗ്നരായി ഈ ഭൂമിയിൽ നിന്നും മരണംമൂലം വിടപറഞ്ഞ, ന രകത്തിൽ നരകിക്കുവാൻ മാത്രം യോഗ്യതയുള്ള, മഹാദരിദ്രരായ നമ്മെ ക്രിസ്തുവിനോടു കൂടി കൂ ട്ടവകാശികളും സ്വർഗ്ഗരാജ്യത്തിന്റെ അവകാശി കളും ആക്കി, യഥാർത്ഥ സമ്പന്നരാക്കുവാൻ യേശു ക്രിസ്തു ദരിദ്രനായിത്തീർന്ന ദൈവകൃപ! അതാ ണ് 2 കൊരിന്ത്യർ 8: 9 ൽ വിവരിച്ചിരിക്കുന്നത്.

ഈ ദൈവകൃപ അനുഭവിച്ചവരായിരുന്നു മക്കദോന്യസഭയിലെ വിശ്വാസികൾ. വിശുദ്ധന്മാർ ക്കുവേണ്ടി നടത്തുന്ന ദ്രവ്യശേഖരത്തെക്കുറിച്ചു നിങ്ങൾക്ക് എഴുതുവാൻ ആവശ്യമില്ലല്ലോ. അഖായ തലേവർഷം മുതൽ ഒരുങ്ങിയിരിക്കുന്നു എന്ന് ഞാൻ നിങ്ങളെക്കുറിച്ച് മക്കെദോന്യരോട് പ്രശംസി ച്ചുവരുന്ന നിങ്ങളുടെ മനസ്സൊരുക്കം ഞാൻ അറിയുന്നു; നിങ്ങളുടെ എരിവു മിക്കപേർക്കും ഉത്സാഹകാരണമായിത്തീർന്നിരിക്കുന്നു. നിങ്ങളെക്കുറിച്ചു ഞങ്ങൾ പറയുന്ന പ്രശംസ ഈ കാര്യത്തിൽ വ്യർഥമാകാതെ ഞാൻ പറഞ്ഞതു പോലെ നിങ്ങൾ ഒരുങ്ങിയിരിക്കേണ്ടതിനു

തന്നെയാണ് ഞാൻ സഹോദരന്മാരെ അയച്ചത്. അല്ലെങ്കിൽ പക്ഷേ മക്കെദോന്യർ എന്നോടുകൂടെ വരികയും നിങ്ങളെ ഒരുങ്ങാത്തവരായി കാണുകയും ചെയ്താൽ നിങ്ങൾ എന്നല്ല, ഞങ്ങൾതന്നെ ഈ അതിധൈര്യം നിമിത്തം ലജ്ജിച്ചുപോകുമല്ലോ. ആകയാൽ സഹോദരന്മാർ ഞങ്ങൾക്കു മുമ്പായി അങ്ങോട്ടു വരികയും നിങ്ങൾ മുമ്പേ വാഗ്ദത്തം ചെയ്ത അനുഗ്രഹം പിശുക്കായിട്ടല്ല അനുഗ്രഹമായിട്ട് ഒരുങ്ങിയിരിപ്പാൻ തക്കവണ്ണം മുമ്പുകൂട്ടി ഒരുക്കിവയ്ക്കയും ചെയ്യേണ്ടതിന് അവരോട് അപേക്ഷിപ്പാൻ ആവശ്യം എന്ന് ഞങ്ങൾക്കു തോന്നി (2 കൊരിന്ത്യർ 9: 1- 5).

അവർ അനുഭവിച്ച ദൈവകൃപ അവരെ സമ്പന്നരാക്കി. കഷ്ടതയെന്ന കഠിന ശോധനയിലൂടെ അവർ പോകുമ്പോഴും സന്തോഷത്തിൽ അവർക്ക് സമൃദ്ധി ഉണ്ടായിരുന്നു. മഹാദാരിദ്ര്യത്തിൽ അവരായിരുന്നു എങ്കിലും തങ്ങൾ ദരിദ്രരാണ് എന്നും പങ്കുവയ്ക്കുവാൻ ഒന്നുമില്ലാത്ത ഹതഭാഗ്യരാണെന്നും അവർ കരുതിയില്ല. പകരം അവർ ധാരാളം ഔദാര്യം കാണിക്കുവാൻ സമ്പന്നരായിരുന്നു. വിശുദ്ധന്മാരുടെ സഹായത്തിനു വേണ്ടി ശേഖരിച്ച ധർമ്മശേഖരത്തിൽ അവർ ഉത്സാഹത്തോടെ ദാനം ചെയ്തു. പ്രാപ്തി പോലെയും പ്രാപ്തിക്ക് മീതെയും! ഔദാര്യമനസ്സുള്ള ദാനശീലരായിരുന്നു അവർ.

പൗലോസ് ചിന്തിച്ചതിലും അപ്പുറം മക്കദോന്യയിലെ വിശ്വാസികൾ തങ്ങളുടെ മേൽ പകരപ്പെട്ട ദൈവകൃപ അനുഭവിച്ചു വളർച്ച പ്രാപിച്ചു. ലോകത്തിൽ തങ്ങളെ ധനവാന്മാർ ആക്കുവാൻ ക്രിസ്തു ദരിദ്രനായിത്തീർന്നു എന്നവരാരും വിശ്വസിക്കുകയോ അപ്രകാരം അവകാശപ്പെടുകയോ ചെയ്തില്ല. പണക്കാരായിത്തീർന്നതിന്റെ സാക്ഷ്യമല്ല അവരെക്കുറിച്ച് പൗലോസ് പറയുന്നത്. പ്രത്യുത, മഹാദാരിദ്ര്യത്തിലും സന്തോഷസമൃദ്ധിയും ഔദാര്യസമ്പന്നതയും പ്രാപിച്ചതിന്റെ സാക്ഷ്യമാണ്. കൊരിന്തിലെ വിശ്വാസികളെ ഈ യാഥാർത്ഥ്യം ഓർപ്പിച്ചാണ് അപ്പോസ്തോലൻ അവരെ പ്രബോധിപ്പിക്കുന്നത്. ലോകപ്രകാരം ധനവാനോ ദരിദ്രനോ എന്നതിന് പുതിയനിയമത്തിൽ വലിയ പ്രാധാന്യമില്ല. ധനവാന്മാരാണ് എങ്കിൽ അവർ ഔദാര്യശീലരായി സൽപ്രവർത്തികളിൽ ശുഷ്ക്കാന്തിയുള്ളവരാകണം എന്നതാണ് അവരെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത്. ഈ ലോകത്തിലെ ധനവാന്മാരോട് ഉന്നതഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശ വയ്പ്പാനും നന്മ ചെയ്‌വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിനു വരുംകാലത്തേക്കു നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക (1 തിമോഥെയോസ് 6: 17 - 19).

**ആധിപത്യ മനോഭാവമോ, അപകർഷതാബോധമോ നമ്മെ കീഴടക്കരുത്. പ്രത്യുത, താഴ്മയും ദൈവസ്നേഹവും നമ്മെ ഭരിക്കട്ടെ**

ദൈവസഭയിൽ സാമ്പത്തിക നിലവാരത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനം ഉണ്ടാകരുത് എന്നതാണ് വചനത്തിന്റെ ഉപദേശം. ലോകത്തിൽ ദരിദ്രരായവരെ ദൈവം ക്രിസ്തുവിൽ തിരഞ്ഞെടുത്തപ്പോൾ ദൈവരാജ്യത്തിന്റെ അവകാശികളാക്കി സമ്പന്നരാക്കിയിരിക്കുകയാണ്. പ്രിയ സഹോദരന്മാരേ, കേൾപ്പിൻ: ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും, തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിനു തിരഞ്ഞെടുത്തില്ലയോ? നിങ്ങളോ ദരിദ്രനെ അപമാനിച്ചിരിക്കുന്നു(യാക്കോബ് 2:5). അതുകൊണ്ട് സഭയിൽ ലോകപ്രകാരമുള്ള ധനവാന്മാരോടും ദരിദ്രന്മാരോടും യാക്കോബ് നൽകുന്ന ഉപദേശം വളരെ പ്രധാനപ്പെട്ടതാണ്.എന്നാൽ എളിയ സഹോദരൻ തന്റെ ***ഉയർച്ചയിലും*** ധനവാനോ പുല്ലിന്റെ പൂപോലെ ഒഴിഞ്ഞുപോകുന്നവനാകയാൽ തന്റെ ***എളിമയിലും*** പ്രശംസിക്കട്ടെ. സൂര്യൻ ഉഷ്ണക്കാറ്റോടെ ഉദിച്ചിട്ടു പുല്ല് ഉണങ്ങി പൂവുതിർന്ന് അതിന്റെ രൂപഭംഗി കെട്ടുപോകുന്നു. അതുപോലെ ധനവാനും തന്റെ പ്രയത്നങ്ങളിൽ വാടിപ്പോകും (യാക്കോബ് 1:9, 10).ലോകപ്രകാരമുള്ള നിലവാരം എന്തായിരുന്നാലും നാമെല്ലാവരും ക്രിസ്തുവിൽ സമ്പന്നരായിരിക്കുന്നു. നമുക്കായി ദൈവം ഒരുക്കിയിരിക്കുന്ന നിത്യത അനുഗ്രഹപൂർണമാണ്. ദൈവം നമ്മെ ദൈവരാജ്യത്തിന്റെ അവകാശികൾ ആക്കിയിരിക്കുന്നു. അതുകൊണ്ട് ആധിപത്യ മനോഭാവമോ, അപകർഷതാബോധമോ നമ്മെ കീഴടക്കരുത്. പ്രത്യുത, താഴ്മയും ദൈവസ്നേഹവും നമ്മെ ഭരിക്കട്ടെ. ദരിദ്രരെ അപമാനിക്കുന്നതും അവഗണിക്കുന്നതും ദൈവഹിതത്തിന് എതിരാണ് •



സാജു മാത്യു

# മരണച്ചങ്ങല പൊട്ടിച്ചെറിഞ്ഞു നിത്യജീവനിലേയ്ക്ക്...

*"മരണത്തിനു കൊണ്ടുപോകുന്നവരെ വിടുവിക്ക; കൊലയ്ക്കായി വിറച്ചു ചെല്ലുന്നവരെ രക്ഷിപ്പാൻ നോക്കുക! (സദൃശവാക്യങ്ങൾ 24:11)*

**ഒ**രു ചെറിയ പലചരക്കുകടയുടെ (grocery shop) ഉടമസ്ഥനെ അയാളുടെ കടയിൽ കയറിച്ചെന്ന് വെടിവെച്ചു കൊലപ്പെടുത്തിയതിന് നാലു യുവാക്കൾ വിചാരണ നേരിടുകയാണ്. കാത്തി ഏയ്സൻബർഗർ (Kathy Ecenburger) എഴുതിയ ഫെയ്സ് ഓഫ് ഗിൽറ്റ് (Face of guilt) എന്ന പുസ്തകത്തിലാണ് ഇതു വിവരിക്കുന്നത്. നാട്ടിലെ പ്രമുഖപത്രം ഈ സംഭവം 'ആഘോഷ'മാക്കി..... നിറം പിടിപ്പിച്ച കഥകളിലൂടെ അവർ ഈ നാലു യുവാക്കൾക്കും കൊടും ക്രൂരന്മാരുടെ മുഖരൂപം കൊടുത്തു. നാടു മുഴുവൻ വെറുപ്പോടെ ഈ യുവാക്കളെ കണ്ടു. പൂർവ്വവൈരാഗ്യം വെച്ച് ഈ യുവാക്കൾ ഗൂഡാലോചന നടത്തി കടയുടമയെ ദാരുണമായി കൊലപ്പെടുത്തി എന്നാണ് കേസ്. വധശിക്ഷയിൽ കുറഞ്ഞതൊന്നും ഈ യുവാക്കൾ അർഹിക്കുന്നില്ലെന്ന് പത്രം വിധിയെഴുതി. ജനങ്ങളും അതു ഏറ്റുപാടി. കേസിന്റെ ആകെയുള്ള സാക്ഷി പലചരക്കുകടയുടെ എതിർദിശയിലെ ഒരു ഫ്ളാറ്റിൽ ഒറ്റയ്ക്കു താമസിച്ചിരുന്ന എൺപതു വയസ്സുകഴിഞ്ഞ ഒരു വൃദ്ധയായിരുന്നു. യുവാക്കളുടെ വക്കീൽ എങ്ങനെയെങ്കിലും ഈ യുവാക്കളുടെ വധശിക്ഷ ഒഴിവാക്കാൻ വളരെ പരിശ്രമിച്ചു. യുവാക്കൾ കുറ്റം സമ്മതിച്ചെങ്കിലും അവരത് കരുതിക്കൂട്ടിച്ചെയ്തതല്ലെന്ന് വക്കീലിനോടു പറഞ്ഞു. യാദൃശ്ചികമായി ആ കടയിലെത്തിയതാണെന്നും കടക്കാരനുമായി തർക്കമുണ്ടായപ്പോൾ ഒന്നുമാലോചിക്കാതെ (just for a kick) വെടി പൊട്ടിച്ചതാണെന്നും അല്ലാതെ ഇതിൽ പൂർവ്വവൈരാഗ്യമോ ഗൂഢാലോചനയോ ഒന്നുമില്ലെന്നും അവർ ഏറ്റുപറഞ്ഞു. എന്നാൽ പത്രം 'ഗൂഢാലോചന'ക്കഥകൾ നിരന്തരം പ്രസിദ്ധീകരിച്ചു..... കോടതിക്കു വേണ്ടത് തെളിവാണല്ലോ.....

ഒരു ദിവസം യുവാക്കളുടെ വക്കീലിനെ വൃദ്ധ ഫോൺ വിളിച്ചു....പത്രത്തിലെ കഥകൾ അവരും വായിച്ചിരുന്നു: "മോനേ, ആ കുഞ്ഞുങ്ങൾ പത്രത്തിൽ പറയുന്നതുപോലെ ക്രൂരന്മാരാണെന്നു എനിക്കു തോന്നുന്നില്ല. ഒന്നാമത്തെ കാര്യം, അവർ കടക്കാരനെ കൊല്ലാൻ തോക്കു കൊണ്ടുവന്നതല്ല. വഴക്കുണ്ടായപ്പോൾ തോക്കെടുത്തത് കടക്കാരനാണ്. വെടിവെച്ചവൻ കടക്കാരന്റെ തോക്കു പിടിച്ചു വാങ്ങിച്ചു വെടിവെയ്ക്കുകയായിരുന്നു..."കേസിന്റെ ഗതി തിരിച്ചുവിടാൻ ഈയൊരു മൊഴി ധാരാളമായിരുന്നു. തടവുശിക്ഷ അനുഭവിക്കേണ്ടി വന്നെങ്കിലും കൊലക്കയറിലേക്കു നീങ്ങിക്കൊണ്ടിരുന്ന ആ നാലു യുവാക്കളുടെ ജീവൻ രക്ഷപ്പെട്ടത് ആ വൃദ്ധയുടെ ലളിതമായ മൊഴിയുടെ അടിസ്ഥാനത്തിലാണ്! വധശിഷയ്ക്കു വിധിക്കപ്പെട്ട ഒരു വ്യക്തിയെ ഒരു സാക്ഷിമൊഴി കൊണ്ടു രക്ഷിക്കാൻ കഴിയുമെങ്കിൽ അത് ചെയ്യുന്നത് എത്ര ചാരിതാർത്ഥ്യജനകമായ കാര്യമായിരിക്കണം!

"അന്യായമായി മരണത്തിലേയ്ക്കു നയിക്കപ്പെടുന്നവരെ വിടുവിക്കുക; കൊലക്കളത്തിലേക്ക് ഇടറിയിടറി നീങ്ങുന്നവരെ രക്ഷിക്കുക.... " (സദൃശവാക്യങ്ങൾ 24:11).

യഹൂദന്മാരുടെയിടയിൽ വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നവരെ വീഥിയിലൂടെ നടത്തിക്കൊണ്ടു പോകുമ്പോൾ അവരുടെ മുമ്പിൽ കാഹളമൂതി, 'ഈ വ്യക്തിയെ കൊലക്കയറിൽ നിന്നു വിടുവിക്കാൻ പോന്ന എന്തെങ്കിലും തെളിവ് ആർക്കെങ്കിലും നല്കാനുണ്ടോ?' എന്നു ചോദിച്ചിരുന്നു. അയാളുടെ നിരപരാധിത്വം തെളിയിക്കാൻ ഒരു പുതിയ തെളിവുമായി ആരെങ്കിലും എത്തിയാൽ വീണ്ടുമൊരു വിചാരണയ്ക്ക് കോടതി തയ്യാറായിരിക്കും. കൊലക്കളത്തിലേയ്ക്ക് പോകുന്ന ആ വ്യക്തിയുടെ ജീവൻ രക്ഷിക്കാനുള്ള അവസാന അവസരമാണത്! ഇതാണ് ശലോമോന്റെ വാക്കുകളുടെ പശ്ചാത്തലം.

ജീവൻ വലയേറിയതാണ് – അതു കൊലപാതകന്റെ ജീവനാണെങ്കിൽപ്പോലും. ഒരു ജീവനെ രക്ഷിക്കാൻ നമ്മുടെ ഭാഗത്തു നിന്ന് എന്തു ത്യാഗം സഹിക്കേണ്ടിവന്നാലും നാമതു ചെയ്യണം! നാളെ മരിക്കാനുള്ള മനുഷ്യന്റെ (കൊലക്കയറിൽ നിന്നു രക്ഷപ്പെട്ടാലും നാളെയൊരിക്കൽ അയാൾ മരിക്കാനുള്ളതാണല്ലോ) ജീവൻ ഇത്ര വിലയേറിയതാണെങ്കിൽ മനുഷ്യന്റെ നിത്യജീവൻ എത്ര പ്രാധാന്യമേറിയതാണെന്നോർക്കുക. നശ്വരമനുഷ്യന്റെ ഭൂമിയിലെ ആയുസ്സിനെപ്പറ്റി നാം ഇത്രയേറെ വേവലാതിപ്പെടുമ്പോഴും, നിത്യത മുഴുവൻ ഒരു മനുഷ്യൻ നരകത്തിൽ യാതന അനുഭവിക്കുന്നതിനെപ്പറ്റി ഒരു ചിന്തയുമില്ലാതെ നാം കഴിയുന്നത് എത്ര വിരോധാഭാസമാണ്?

മരണത്തിനു കൊണ്ടുപോകുന്നവരെ വിടുവിക്ക (സദൃശവാക്യങ്ങൾ 24:11). 'മരണത്തിലേയ്ക്കു വലിച്ചിഴയ്ക്കപ്പെടുന്നവർ' (carried away unto death) എന്നാണ് ഇവിടെ ശരിക്കും തർജ്ജമ ചെയ്യേണ്ടത്? മനസ്സോടെ പോകുന്നവനല്ല, വലിച്ചിഴയ്ക്കപ്പെടുന്നവൻ! യേശുവില്ലാത്ത മനുഷ്യൻ നിത്യമരണത്തിലേയ്ക്കു വലിച്ചിഴയ്ക്കപ്പെടുന്ന വ്യക്തിയാണ്! "കൊലയ്ക്കായി വിറച്ചു ചെല്ലുന്നവർ' (stumble towards slaughter) എന്നാണ് അടുത്ത പ്രയോഗം. 'അറവുശാല' (slaughter house) യിലേയ്ക്കു കൊണ്ടുപോകുന്ന ഒരു കന്നുകാലിയുടെ രൂപമാണിവിടെ തെളിയുന്നത്. പാപിയുടെ അവസ്ഥ ഇതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല. "അവരെ പാതാളത്തിന് ആടുകളായി ഏല്പിച്ചിരിക്കുന്നു; മൃത്യു അവരെ മേയിക്കുന്നു" (സങ്കീർത്തനം 49:14).

നിരപരാധികളെയാവാം ശലോമോൻ രക്ഷിക്കാൻ പറഞ്ഞത്. എന്നാൽ യേശു ശലോമോനിലും വലിയവൻ. യേശു രക്ഷിക്കാനെത്തിയത് നിരപരാധികളെ മാത്രമല്ല; പാപികളെയുമാണ്. പ്രവൃത്തി വെച്ചു നോക്കിയാൽ നാമാരും നിരപരാധികളല്ല. ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായത്തീർന്നു" (റോമർ. 3:23). അപ്പോൾ എല്ലാവരും – നാമെല്ലാവരും – അറവുശാലയിലേക്കു, നിത്യമരണത്തിലേയ്ക്ക് വിറച്ചു വിറച്ചു പൊയ്ക്കൊണ്ടിരിക്കുന്നവരാണ്.

എന്റെ അവസ്ഥയും അതുതന്നെയായിരുന്നു. ഞാനും വിറച്ചുവിറച്ചു കൊലക്കളത്തിലേയ്ക്ക് തെന്നി നീങ്ങിക്കൊണ്ടിരുന്ന ഒരാളായിരുന്നു. ഒരു പ്രതീക്ഷയുമില്ലാതിരുന്ന നില! അങ്ങനെ നരകത്തിലേയ്ക്ക് വിറച്ചുവിറച്ചു പൊയ്ക്കൊണ്ടിരുന്ന എന്നെ ദൈവം സ്വർഗ്ഗത്തിലിരുന്നു കണ്ടു. ദൈവം തന്റെ പുത്രനോടു പറഞ്ഞു: നോക്കൂ, സാജൂ വിറച്ചുവിറച്ചു നരകത്തിലേയ്ക്ക് തെന്നിവീഴുന്നത്! അവൻ നമ്മുടെ സൃഷ്ടിയാണ്. നമ്മുടെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട, നമ്മുടെ പ്രമോദമാകേണ്ട വ്യക്തി. അവൻ നരകത്തിലേയ്ക്ക് പൊയ്ക്കൂടാ..... പുത്രാ, നീ ഇറങ്ങിച്ചെല്ലൂ...... അവനെ രക്ഷിക്കൂ..... നിത്യനരകത്തിന്റെ അറവുശാലയിൽനിന്ന് അവനെ വീണ്ടെടുക്കൂ.....പുത്രൻ ആ നിയോഗം ഏറ്റടുത്തു. എന്നാൽ അത് അത്ര എളുപ്പമായിരുന്നില്ല... നരകത്തിലേയ്ക്ക് വേച്ചുവീഴാനായി വിറച്ചുനീങ്ങുന്ന എന്നെ വെറുതെ കൈയ്ക്കു പിടിച്ചു യേശുവിനു രക്ഷിക്കുവാനാവുമായിരുന്നില്ല. പാതാളത്തിൽ നിന്നു നീണ്ടുവന്ന മൃത്യുവിന്റെ ചങ്ങല എന്റെ കാലുകളെ ബന്ധിച്ചിരുന്നു.... ആ ചങ്ങല കാലിൽ കിടക്കുവോളം എനിക്കു നരകത്തിലേയ്ക്ക് നീങ്ങുവാനേ കഴിയുമായിരുന്നുള്ളൂ....

എന്നാൽ യേശു സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നത് "രണ്ടും കല്പിച്ചാണ്!" മരണത്തിന്റെ ചങ്ങലയിൽനിന്ന് എന്നെ വീണ്ടെടുക്കുവാൻ, മരണം സ്വയം ഏറ്റെടുക്കാൻ പോലും തയ്യാറായാണ് യേശു സ്വർഗ്ഗം വിട്ടിറങ്ങിവന്നത്! യേശു തന്റെ മരണത്താൽ എന്നെ നരകത്തിലേക്ക് വലിച്ചുകൊണ്ടിരുന്ന മരണത്തിന്റെ ചങ്ങലകളെ പൊട്ടിച്ചു കളഞ്ഞു(എബ്രായർ 2:14,15). ഇനി മരണത്തിന് എന്റെ മേൽ അധികാരമില്ല! ഞാൻ മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു. ഹല്ലേലുയ്യ! എന്നാൽ ഞാൻ ജീവ

ശേഷം പേജ് 29 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# വ്യാജവും ഭോഷ്ക്കും എന്നോട് അകറ്റണമേ....

സാത്താൻ സകല അസത്യങ്ങളുടെയും പിതാവാണ് (യോഹന്നാൻ 8: 44). ഭോഷ്ക്കു പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന തീപ്പൊയ്കയാണ് (വെളിപ്പാട് 21: 8). ഭോഷ്ക്കു പറഞ്ഞ പരീശന്മാരോടു കർത്താവ് ചോദിക്കുന്നത് ശ്രദ്ധിക്കുക: നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും? (മത്തായി 23: 33). വ്യാജം പറയുന്നത് ഗുരുതരമായ ഒരു പാപമായി യേശു കണക്കാക്കുന്നു. നമ്മെ സാത്താന്റെ രാജ്യത്തിലെത്തിക്കുവാൻ വ്യാജം സംസാരിക്കുന്നത് കാരണമാകുമെന്നും വിശുദ്ധ ബൈബിൾ ചൂണ്ടിക്കാട്ടുന്നു. വഞ്ചന ചെയ്യുന്നവൻ എന്റെ വീട്ടിൽ വസിക്കയില്ല; ഭോഷ്ക്കു പറയുന്നവൻ എന്റെ മുമ്പിൽ ഉറച്ചുനില്ക്കയില്ല (സങ്കീർത്തനം 101:7)

വ്യാജം പറയുന്ന സ്വഭാവത്തിന് എതിരെ പ്രാണത്യാഗത്തോളം നാം പോരാടണം. വ്യാജം സംസാരിക്കുന്നതിൽ നിന്നും ദൈവപൈതൽ നിശ്ചയമായും ഒഴിഞ്ഞുനിൽക്കണം. നമ്മുടെ ജീവിതത്തിൽ അതിനു യാതൊരു പ്രാധാന്യവും നൽകരുത്. ഈ പാപത്തെ പ്രതിരോധിക്കുന്നതിനു നാം ഏറെ ജാഗ്രത പാലിക്കണം. വസ്തുതകളെ വളച്ചൊടിക്കുന്നതും അതിശയോക്തി പ്രയോഗിക്കുന്നതും വ്യാജം പറച്ചിലിന്റെ പ്രാരംഭ പടിയാണ്. നമ്മുടെ തെറ്റുകൾ വെളിച്ചത്തു വരാതിരിക്കുവാനായി അവയെ മൗനം കൊണ്ടും നാട്യംകൊണ്ടും മൂടുന്നതും വ്യാജംപറച്ചിലിന്റെ ഭാഗമാണ്. സൽപ്പേരു നിലനിർത്താൻ അർദ്ധസത്യങ്ങൾ പറയുമ്പോഴും നാം വ്യാജത്തെ സംരക്ഷിക്കുകയാണ്. അർദ്ധസത്യങ്ങളാണ് എപ്പോഴും അസത്യത്തേക്കാൾ അപകടകാരി.

വ്യാജം പറയുന്നതും സത്യം മറച്ചു വയ്ക്കുന്നതും പരസ്പരപൂരകങ്ങളാണ്. രണ്ടും അന്ധകാര രാജ്യത്തിന്റെ വകയാണ്. ചെയ്യരുത് എന്നു നമ്മോട് മന:സാക്ഷി പറയുന്ന കാര്യങ്ങളാണ് പലപ്പോഴും നാം രഹസ്യമായി ചെയ്യാൻ ശ്രമിക്കുന്നത്. മറ്റുള്ളവർ നമ്മെ കുറ്റപ്പെടുത്താനിടയുള്ള കാര്യങ്ങൾ നാം രഹസ്യമായി ചെയ്യുന്നു. പാപവുമായുള്ള ബന്ധം ഉപേക്ഷിക്കാൻ നമുക്കു മനസില്ല. നാം ചെയ്യുന്ന തെറ്റായ കാര്യങ്ങൾ മറ്റുള്ളവരറിയാൻ നമുക്ക് ആഗ്രഹവുമില്ല. അതുകൊണ്ട് അവ രഹസ്യത്തിൽ ചെയ്യാൻ നാം ശ്രമിക്കുന്നു. അവ വെളിപ്പെടാനോ മറ്റുള്ളവർ നമ്മെ കുറ്റപ്പെടുത്താനോ നമുക്ക് ആഗ്രഹമില്ല.

## വ്യാജവും ഭോഷ്ക്കും എന്നോട് അകറ്റണമേ....

എന്തെങ്കിലും ഒരു കാര്യം കേട്ടാലുടനെ അത് ആരോടെങ്കിലും പറയണമെന്ന് ചിലർക്ക് തോന്നും. കേട്ടത് ശരിയോ എന്ന് ഒട്ടന്വേഷിക്കാറുമില്ല. ഒരുപക്ഷേ കേട്ടത് സത്യമാണെങ്കിൽപ്പോലും മറ്റുള്ളവരെ അറിയി ക്കുന്നത് ബുദ്ധിയോ എന്നും ചിന്തിക്കാറില്ല. അന്യരുടെ പാപങ്ങളോ പോരായ്മകളോ വെളിപ്പെടുത്തുന്ന ഏതെങ്കിലും സംഭവത്തെ ക്കുറിച്ച് ഒരു ദൈവപൈതൽ കേൾക്കുമ്പോൾ അവൻ രണ്ടു കാര്യം പരിഗണിക്കണം. കേട്ട കാര്യങ്ങൾ എത്രമാത്രം ശരിയാണെന്നും, ശരിയാ ണെങ്കിൽപ്പോലും അവ പരസ്യമാക്കുന്നതു ബുദ്ധിയാണോ എന്നും.

മറ്റുള്ളവർ അറിയാതിരിക്കാനായി നാം രഹസ്യ ത്തിൽ ഓരോ കാര്യങ്ങൾ ചെയ്യുമ്പോഴും വ്യാജം പറച്ചിലിനു തുടക്കം കുറിക്കുകയാണ്. പിടി ക്കപ്പെട്ടാൽ നിലനിൽപ്പിനായി നാം കള്ളം പറഞ്ഞു തുടങ്ങും. രഹസ്യപാപം ചെയ്യാൻ പ്രേരണയുണ്ടാ കുമ്പോൾ നാം നമ്മോടുതന്നെ ചോദിക്കണം: ഇ ത് മറ്റുള്ളവരുടെ മുമ്പാകെ അവരറിയത്തക്കവണ്ണം ചെയ്യുവാൻ എന്തുകൊണ്ടാണ് നാം മടി കാട്ടു ന്നത്? എന്റെ സ്ഥാനത്തു യേശുവാണെങ്കിൽ ഇ തു ചെയ്യുമോ? അപ്പോൾ അതു ചെയ്യാതിരിപ്പാൻ ദൈവാത്മാവ് നമ്മെ സഹായിക്കും.

യഹൂദന്മാർ തന്നെ കുറ്റപ്പെടുത്തിയപ്പോൾ കർ ത്താവ് പറഞ്ഞതു ശ്രദ്ധിക്കുക: ഞാൻ ലോകത്തോടു പരസ്യമായി സംസാരിച്ചിരിക്കുന്നു, രഹസ്യമായി ഒന്നും സംസാരിച്ചിട്ടില്ല (യോഹന്നാൻ 18: 20). യേശുകർത്താവിന് ഇങ്ങനെ പറയാൻ ക ഴിഞ്ഞു; ഇതായിരിക്കട്ടെ നമ്മുടെയും സംസാ രശൈലി. തന്റെ ശിഷ്യന്മാരായിട്ടുള്ളവർക്കെല്ലാം, അതായത് നമുക്കോരോരുത്തർക്കും ഇതുപോലെ പറയാൻ കഴിയണം. യേശു സാക്ഷാൽ പ്രകാശ മാണ്, അതു തന്നെയാണ് തന്റെ മഹത്വവും. ത ന്റെ സ്വഭാവം കലർപ്പില്ലാത്ത സത്യവും വിശുദ്ധി യും നീതിയുമാണ്. നമ്മുടെ വാക്കുകളും ജീവിത വും യേശുവിന്റേതു പോലെയായിരിക്കുവാൻ അവി ടുന്ന് ആഗ്രഹിക്കുന്നു. അതിനായിട്ടാണ് വെളിച്ച ത്തിന്റെ മക്കളായി യേശു നമ്മെ വീണ്ടെടുത്തിരി ക്കുന്നത്. നാം വെളിച്ചത്തിൽ വസിക്കുന്നവരെങ്കിൽ ഇരുട്ടിന്റെ പ്രവൃത്തികൾ ചെയ്യുകയില്ല. യേശു പ റഞ്ഞു: തിന്മ പ്രവർത്തിക്കുന്നവനെല്ലാം വെളി ച്ചത്തെ പകയ്ക്കുന്നു. തന്റെ പ്രവർത്തിക്ക് ആക്ഷേപം വരാതിരിക്കാൻ വെളിച്ചത്തിലേയ്ക്കു വ രുന്നതുമില്ല. സത്യം പ്രവർത്തിക്കുന്നവനോ, തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കുകയാൽ അ തു വെളിപ്പെടേണ്ടതിനു വെളിച്ചത്തിങ്കലേയ്ക്കു വ രുന്നു (യോഹന്നാൻ 3: 20, 21).

നമ്മുടെ വ്യാജപ്രകൃതിയെ മൂടിവയ്ക്കുന്നതിൽ ദോഷമൊന്നുമില്ലെന്ന് നമ്മെ പറഞ്ഞു ധരിപ്പിക്കാൻ സാത്താനെപ്പോഴും തന്ത്രപൂർവം ശ്രമിച്ചുകൊണ്ടി രിക്കുന്നു. ദൈവത്തിന്റെയും മനുഷ്യരുടെയും മു മ്പാകെ സത്യം മറച്ചുവയ്ക്കുവാൻ സാത്താൻ നമ്മെ പ്രേരിപ്പിക്കുന്നു. അങ്ങനെ വ്യാജം പ്രവർത്തി ക്കാൻ അവനവസരം സൃഷ്ടിക്കുന്നു. യഥാർത്ഥ വ സ്തുതകളെ നാം ഒളിപ്പിച്ചു വയ്ക്കുന്നു. ഈ സമ യമെല്ലാം അസത്യത്തിന്റെ പാതയിൽ ചരിക്കുക യാണെന്ന സത്യം നാം അറിയുന്നില്ല. നമ്മുടെ ജീ വിതം ഭോഷ്ക്കു നിറഞ്ഞതാണെന്ന് നാം മനസി ലാക്കുന്നുമില്ല. ഭയം ഹേതുവായി ചിലപ്പോൾ നാം വ്യാജം സംസാരിക്കുന്നു. നമ്മുടെ നിഗളവും അ തിനു കാരണമാകുന്നു. എന്നാൽ വ്യാജത്തിന്റെയും കാപട്യത്തിന്റെയും അന്ധകാരശക്തിയിൽ നിന്നു നമ്മെ വീണ്ടെടുക്കുവാനാണ് യേശു മനുഷ്യജന്മമെടുത്തു ഭൂമിയിൽ വന്നത്. ആ വീണ്ടെടുപ്പിനെ വിശ്വാസത്താൽ നാം അവകാശമാ ക്കുവാൻ യേശുകർത്താവ് കാത്തുനിൽക്കുന്നു. ന മ്മുടെ ഓട്ടം തികച്ചു നാം വിരുത് പ്രാപിക്കുന്നതി നായി യേശുകർത്താവ് നോക്കിപ്പാർക്കുന്നു(1 കൊരി ന്ത്യർ 9:24).

പ്രകാശപൂരിതമായിരുക്കുന്ന ദൈവനഗരത്തിന്റെ കവാടങ്ങൾ വ്യാജം സംസാരിക്കുന്നവർക്കെതിരെ അടഞ്ഞു കിടക്കുന്നു. നാം വെളിച്ചത്തിന്റെ മക്കളാ യിത്തീരണമെന്നും ഇരുളിനോട് അകലം പാലി ക്കണമെന്നും തിരുവചനം കൂടെക്കൂടെ നമ്മെ ഓർ മ്മിപ്പിക്കുന്നതിന്റെ കാരണമിതാണ് (എഫെസ്യർ 5: 8 - 13). വെളിച്ചവും ഇരുളും തമ്മിൽ ചേരാത്തതു പോലെ സത്യം അസത്യത്തോടകന്നിരിക്കുന്നു. നാം അസത്യവാദികളെങ്കിൽ ദൈവരാജ്യത്തിൽ നമുക്കു പ്രവേശനമില്ല (വെളിപ്പാട് 21: 27). എന്തു നഷ്ടം വ ന്നാലും അന്ധകാര രാജ്യവുമായുള്ള ബന്ധം നാം ഉപേക്ഷിക്കണം. അല്ലാത്തപക്ഷം ദൈവരാജ്യ ത്തിൽ നമുക്കുള്ള അവകാശവും വിശ്വാസികളോടു ള്ള കൂട്ടായ്മയും, യേശുവിനോടുള്ള സഖിത്വവും നാം നഷ്ടപ്പെടുത്തുകയായിരിക്കും ഫലം.

വ്യാജം സംസാരിക്കുന്ന പൈശാചിക പ്രവണ തയിൽനിന്ന് എങ്ങനെ നമുക്ക് സ്വതന്ത്രരാകാം? ഈ പാപത്തിന്റെ ഗൗരവം മനസിലാക്കി അതിനെ വെറുക്കുക എന്നതാണ് ആദ്യപടി. നമ്മെ സഹാ യിക്കുന്നതിന് യേശുവിനോട് അപേക്ഷിക്കാം. ഈ

ശേഷം പേജ് 12 ▶



ചെയ്സ് ജോസഫ്

# ഉചിതമായ സത്യാരാധന -2

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

എന്താണ് ആത്മീക ആരാധന? ഇന്ന് പലർക്കും ആത്മാവ് എന്ന് പറയുന്നത് ഒരു ഉന്മാദാവസ്ഥ മാത്രമാണ്. യാതൊന്നിലേക്കും നമ്മെ നയിക്കാതെ, ക്രിസ്തുവിനെ വെളിപ്പെടുത്താതെ, വെറുതെ ഒരു ഉന്മാദം. അത് ഒന്നുകിൽ ചുറ്റും ഉയരുന്ന സംഗീതത്തിന്റെ താളം ഉളവാക്കിയതാവാം. അല്ലെങ്കിൽ പ്രശ്നങ്ങളുടെ വിടുതൽ വരുന്നു എന്ന് കേൾക്കുമ്പോൾ ഉണ്ടാവുന്ന ആനന്ദ തള്ളലിൽ നിന്നാവാം. ഇതൊക്കെ മനസ്സിന്റെ പ്രതിഭാസങ്ങൾ ആണ്. ആത്മാവുമായി ബന്ധം ഉണ്ടാവണം എന്നില്ല. ആത്മാവ് ക്രിസ്തുവിനെ ആണ് വെളിപ്പെടുത്തുന്നതും മഹത്വപ്പെടുത്തുന്നതും. ശരിയായ ആത്മീക ആരാധനയിൽ ഒരു മനുഷ്യന്റെ ശരീരവും മനസ്സും ആത്മാവും ഒരു പോലെ പങ്കു ചേരുന്നു. മനസ്സ് ദൈവത്തിലേക്ക് അല്ലെങ്കിൽ ദൈവത്തിന്റെ ആത്മാവ് തരുന്ന കാഴ്ചകളിലേക്ക് പുതുക്കപ്പെടുന്നതാണ് പുതിയനിയമ ആരാധനയുടെ പ്രധാന ഘടകം. ആത്മാവിന്റെ നിയന്ത്രണത്തിലേക്കു നമ്മുടെ മനസ്സ് പുതുക്കപ്പെടുന്നു. ശരീരത്തിന്റെ പ്രവണതകൾ, നാം മുൻപ് കണ്ടത് പോലെ ശരീരത്തിൽ വസിക്കുന്ന പാപത്തിന്റെ ശക്തി, ഇതൊന്നും മനസ്സിനെ ബാധിക്കാത്ത രീതിയിൽ മനസ്സ് ആത്മാവിനോട് ഐക്യപ്പെട്ട്, രക്ഷയുടെ മഹത്വം മനസിലാക്കി, ദൈവത്തിന്റെ മനസ്സലിവ് ഓർത്തു ദൈവത്തെ പുകഴ്ത്തുമ്പോൾ ആണ് ആത്മീക ആരാധന ഉണ്ടാവുന്നത്. അത് ശരീരത്തിന്റെ പ്രവണതകളെ ബഹിഷ്കരിക്കുകയാണ്. അത് ഒരു യാഗം ആണ്. അതു കൊണ്ട് ആത്മീക ആരാധന മനസിന്റെ പരിവർത്തനവും ശരീരത്തിന്റെ യാഗവും ആണ്. ശരീരം യാഗമാകാത്ത, ലോകമോഹങ്ങൾ ക്രൂശിക്കപ്പെടാത്ത, ജഡം മരിക്കാത്ത ഒരു ആരാധനയും പുതിയനിയമ ആരാധന അല്ല. ഇന്ന് നാം പലപ്പോഴും ശരീരം കൊണ്ട് ആരാധിക്കുക എന്ന് ഉദ്ദേശിക്കുന്നത് ചാടിയും മറിഞ്ഞും സ്തുതി പാടുന്നതിനെ ആണ്. എന്നാൽ യഥാർത്ഥത്തിൽ ശരീരം യാഗമാക്കിയാണ് ആരാധന. അത് ബുദ്ധിയുള്ള ഒരു ആരാധനയാണ്. അതാണ് ദൈവത്തിന്റെ മനസ്സലിവ് നമ്മെ ഓർപ്പിക്കുന്നതും പഠിപ്പിക്കുന്നതും.

എങ്ങനെയാണു ശരീരം ഒരു ആരാധനയിൽ യാഗമാകുന്നത്. മനസ്സ് കൂടുതൽ കൂടുതൽ വിശുദ്ധീകരിക്കപ്പെടുമ്പോൾ ശരീരത്തിന്റെ വികാരങ്ങൾ മരണത്തിന് ഏല്പിക്കപ്പെടുന്നു. പാപശരീരം യേശുക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടു എന്ന യാഥാർഥ്യത്തോടുള്ള കൂട്ടായ്മയാണ് ഈ ശരീരയാഗം എന്ന് നാം മനസിലാക്കണം. മനസ്സ് ശരീരത്തിന്റെ വികാരങ്ങൾ ഒട്ടും ശ്രദ്ധിക്കുന്നില്ല. ആത്മീകവും ദൈവീകവും

നിത്യവും ആയ കാര്യങ്ങളിൽ ആത്മാവ് ആനന്ദിക്കുമ്പോൾ അത് ദൈവപ്രസാദമുള്ള ആരാധന ആയി മാറുന്നു.

ഇനി നമുക്ക് ഇതിന്റെ മറുവശം ചിന്തിക്കാം. എന്താണ് ദൈവപ്രസാദം ഇല്ലാത്ത ആരാധന? ശരീരിക വികാരങ്ങളെ താലോലിക്കുകയും ലൗകീക ആസക്തികൾ തീർക്കുന്നതിനായി പ്രാർത്ഥിക്കുകയും ജീവിക്കുകയും ഒക്കെ ചെയ്യുമ്പോൾ അത് ആത്മീക ആരാധന അല്ല. ഇന്ന് ആത്മീകം എന്ന പേരിൽ നാം കാണുന്നത് ശരീരത്തിന്റെ വികാരങ്ങളുടെ വാഴ്ച തന്നെയാണ്. ആത്മാവ് മനസ്സിനെ നിത്യതയിലേക്കു പുതുക്കാതെ ഈ ആരാധന സാധ്യമല്ല. വേറെ ഒരു രീതിയിൽ പറഞ്ഞാൽ, ആത്മീക ആരാധന എന്നത് കുറച്ചു സമയത്തേക്ക് കിട്ടുന്ന ഒരു അനുഭൂതി അല്ല. അത് ഒരു ജീവിതരീതിയാണ്. ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന, നിത്യമായതിൽ ആനന്ദിക്കുന്ന, ശരീരം യാഗം ആകുന്ന ഒരു ജീവിതരീതിയാണ് ദൈവത്തിനു പ്രസാദമുള്ള ആരാധന. ഈ വിശിഷ്ടമായ ആരാധനയാണ് പഴയനിയമത്തിലുള്ള ആരാധനാരീതികളിൽ നിന്ന് ക്രിസ്തീയ ആരാധനയെ വ്യത്യസ്തമാക്കുന്നത്. ആരാധനാരീതി ആത്മീകമാണ് എന്ന് പറയുമ്പോൾ ഇത് ഒരു മതം അല്ല എന്ന പ്രസ്താവന ആണ് നാം ഓർക്കേണ്ടത്.


ദൈവത്തെ പ്രസാദിപ്പിക്കുന്നത് ഏതെങ്കിലും ഒരു പ്രത്യേക രീതിയിൽ തുള്ളിച്ചാടുന്നതോ ആചാരപരമായ കാര്യങ്ങൾ കൃത്യമായി നിർവഹിക്കുന്നതോ അല്ല, മനസ്സ് മാറി ആത്മീക സ്വഭാവമുള്ളവരായി മാറുന്നതാണ്. ഇതിനെയാണ് പൗലോസ് ബുദ്ധിയുള്ള ആരാധന എന്ന് പറയുന്നത്. അതുകൊണ്ട് നമുക്ക് ധൈര്യമായി പറയാം, നമുക്കു ഒരു മതമില്ല. ഒരു ജീവിതരീതി അഥവാ മാർഗമാണ് ക്രിസ്തീയത എന്ന്. ഈ ജീവിതരീതിയുടെ വിവിധ ഘടകങ്ങൾ ആണ് ഇനി റോമാലേഖനത്തിൽ ഉള്ളത്. അതിൽ വിശ്വാസപരവും സാമൂഹ്യപരവും ആയ ജീവിതക്രമങ്ങൾ ഉണ്ട്. എന്താണ് നാം ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്? യേശുക്രിസ്തു ശമര്യക്കാരി സ്ത്രീയോട് പറഞ്ഞത് പോലെ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന ഒരു കാലം വന്നിരിക്കുന്നു. അത് ഈ മലയിലും അല്ല യെരുശലേമിലും അല്ല. അതിനു ഒരു യാഗപീഠവും പുരോഹിതനും ഇല്ല. ഭൗതീകമായ വ്യവസ്ഥകൾ ഇല്ല. പ്രത്യേക വസ്ത്രങ്ങളോ സമയമോ കാലമോ ഇല്ല. പ്രത്യേക ഉപകരണങ്ങളുടെ ആവശ്യമില്ല. അപ്പോൾ മതപരമായ സൂചനകൾ ഇല്ലാതെ, ആരാധനാരീതികൾ ഇല്ലാതെ, സ്തുതി സ്തോത്ര യാഗങ്ങൾ അർപ്പിച്ചു ലോകത്തിൽ നിന്ന് വേറിട്ട, സത്യത്തിന്റെ വെളിപ്പാടുള്ള ഒരു ജീവിതരീതിയാണ് ദൈവത്തിനു പ്രസാദമുള്ള ആരാധന എന്ന് നമുക്ക് മനസ്സിലാക്കാം. ●

## 10 വ്യാജവും ഭോഷ്ക്കും എന്നോട് അകറ്റണമേ....

പാപത്തെ കഠിനമായി വെറുത്തില്ലെങ്കിൽ നാം അതുമായി സമരസപ്പെട്ടുപോകും. വ്യാജം പറയുന്ന നമ്മുടെ സ്വഭാവത്തെ നാം വെളിച്ചത്തു കൊണ്ടുവരണം. വ്യാജം പറച്ചിലിനെ നാം വേരോടെ പിഴുതു കളയണം, അഥവാ മരിപ്പിക്കണം.

നമ്മുടെ തെറ്റിന്റെ മുഖംമൂടി നാം തന്നെ വലിച്ചു കീറണം. സാക്ഷാൽ സത്യമായ യേശുവിന്റെ മുഖത്തേയ്ക്കു നോക്കി നിലവിളിക്കണം. വ്യാജം പറയുന്ന സ്വഭാവത്തിൽ നിന്നു യേശു എന്നെ വീണ്ടെടുത്തിരിക്കുന്നു എന്ന് ഓരോ ദിവസവും വിശ്വാസത്താൽ ഏറ്റുപറയണം. അസത്യത്തിനുള്ള പ്രവണത നമ്മിലെത്ര രൂഢമൂലമായിട്ടുണ്ടെങ്കിലും നമ്മുടെ വിശ്വാസപ്പോരാട്ടം നമ്മെ പരിപൂർണ്ണ സത്യസന്ധതയുള്ളവരാക്കും. അങ്ങനെ വെളിച്ചത്തിന്റെ മക്കളെന്ന നിലയിൽ നമുക്കു പ്രകാശത്തിന്റെ രാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയും.

ജീവനെ സ്നേഹിക്കുകയും ശുഭദിനങ്ങൾ കാംക്ഷിക്കുകയും ചെയ്യുന്നവർ അവരുടെ നാവിനെ തിന്മയിൽനിന്നും അവരുടെ അധരങ്ങളെ വ്യാജം പറയാതെ കപടഭാഷണത്തിൽനിന്നും സൂക്ഷിക്കുക. തിന്മയിൽ നിന്ന് പിന്തിരിഞ്ഞ് സൽപ്രവൃത്തികൾ ചെയ്യുക; സമാധാനം അന്വേഷിച്ച് അതിനെ പിൻതുടരുക. കർത്താവിന്റെ ദൃഷ്ടി നീതിമാന്മാരുടെ മേൽ ആകുന്നു. അവിടത്തെ കാതുകൾ അവരുടെ പ്രാർഥന ശ്രദ്ധിക്കുന്നു, എന്നാൽ കർത്താവിന്റെ മുഖം തിന്മ പ്രവർത്തിക്കുന്നവർക്ക് എതിരാകുന്നു. ആകയാൽ നാവിനെ നിയന്ത്രിച്ചു സല്ഗുണ പൂർത്തി പ്രാപിക്കുവാൻ ഉത്സാഹത്തോടെ നമുക്ക് നമ്മെ സമർപ്പിക്കാം. ●



ബില്ലിഗ്രഹാം

# പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങൾ

രക്ഷിക്കപ്പെട്ട എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മാവ് വസിക്കുന്നു എന്നത് അത്ഭുതകരമായ ഒരു കാര്യമാണ്. ആരിലെങ്കിലും ക്രിസ്തുവിന്റെ ആത്മാവ് ഇല്ലെങ്കിൽ അവൻ ക്രിസ്തുവിനുള്ളവനല്ല (റോമർ 8:9). അതിനാൽ നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനി ആണെങ്കിൽ, നിങ്ങളിൽ പരിശുദ്ധാത്മാവുണ്ടായിരിക്കണം. നിങ്ങളിൽ പരിശുദ്ധാത്മാവ് ഉണ്ടെന്ന് എങ്ങനെ അറിയാം? നിങ്ങളുടെ അറിവിലും കഴിവിലും മാത്രം ആശ്രയിച്ചു കൊണ്ട് നിങ്ങളുടെ രക്ഷയ്ക്കായി നിങ്ങൾക്ക് ഒരിക്കലും ക്രിസ്തുവിൽ വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. പരിശുദ്ധാത്മാവ് ആണ് നിങ്ങളെ രക്ഷിക്കപ്പെട്ട ഒരു ക്രിസ്ത്യാനിയാകാൻ സഹായിച്ചത്. കാരണം ഒരാൾക്കും പരിശുദ്ധാത്മാവിനാലല്ലാതെ യേശു, കർത്താവാണെന്ന് പറയാനാവില്ല.

നമ്മിൽ യഥാർത്ഥത്തിൽ പരിശുദ്ധാത്മാവുണ്ടെങ്കിൽ ഒരു വിശുദ്ധജീവിതം നയിക്കാൻ എന്തിനാണ് ഇത്രയും പെടാപ്പാടു പെടുന്നത്. മാനസാന്തരപ്പെട്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നതിനാൽ മാത്രം ആരും പൂർണരാകുന്നില്ല.നാം ഇപ്പോഴും പാപശരീരത്തിലും പാപസ്വാധീനത്തിലും വസിക്കുന്നവരാണ്. ജഡസ്വഭാവം ആത്മാവിന് വിരുദ്ധമായതും ആത്മസ്വഭാവം പാപപ്രകൃതിക്ക് വിരുദ്ധമായതും ആഗ്രഹിക്കുന്നു (ഗലാത്യർ 5:17).

**നടത്തിപ്പുകാരും സഹവിശ്വാസികളും**

മറ്റ് വിശ്വാസികളുടെ സഹായമില്ലാതെ പുതിയ വിശ്വാസികൾക്കു ക്രിസ്തുവിൽ വളർന്നു സ്വാഭാവികമായി വിശുദ്ധ ജീവിതത്തിലേക്ക് എത്താമെന്ന് ചിലർ കരുതുന്നു. ഫിലിപ്പോസിനെ ആത്മാവ് ഷണ്ഡന്റെ അടുക്കൽ നിന്ന് എടുത്തപ്പോൾ എത്യോപ്യനായ ഷണ്ഡൻ മാത്രമായി അവശേഷിച്ചു. എന്നാൽ ഷണ്ഡന്റെ കഥ അസാധാരണവും ഒറ്റപ്പെട്ടതും മാത്രമാണ്. ഫിലിപ്പോസ് ഷണ്ഡനെ ക്രിസ്തുവിലേക്ക് നയിക്കുകയും അവനെ സ്നാനപ്പെടുത്തുകയും ചെയ്തതിനു ശേഷം, പരിശുദ്ധാത്മാവ് ഫിലിപ്പോസിനെ മറ്റൊരു നഗരത്തിൽ വചനം പ്രസംഗിക്കാൻ കൊണ്ടുപോയി. നമുക്ക് പുതിയനിയമം ദൈവം തന്നതിന്റെ പ്രധാന കാരണം നാം ആത്മീയ വളർച്ച പ്രാപിക്കേണ്ടതിനാണ്. അപ്പോസ്തലനായ പൗലോസിന്റെ മിക്ക ലേഖനങ്ങളും രക്ഷിക്കപ്പെട്ട ആളുകളെ വിശുദ്ധജീവിതത്തിലേക്ക് പ്രചോദിപ്പിക്കുന്നതിനായി എഴുതിയതാണ്.

**നമ്മിൽ യഥാർത്ഥത്തിൽ പരിശുദ്ധാത്മാവുണ്ടെങ്കിൽ ഒരു വിശുദ്ധ ജീവിതം നയിക്കാൻ എന്തിനാണ് ഇത്രയും പെടാപ്പാടു പെടുന്നത്. മാനസാന്തരപ്പെട്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നതിനാൽ മാത്രം ആരും പൂർണരാകുന്നില്ല**

## പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങൾ

ഞാൻ വെസ്റ്റ്മിനിസ്റ്റർ ചാപ്പലിൽ പാസ്റ്ററായിരിക്കുമ്പോൾ പൈലറ്റ് ലൈറ്റ്സ് എന്ന പേരിൽ ഞങ്ങൾ ഒരു ശുശ്രൂഷ നടത്തിയിരുന്നു, അവിടെ ഞങ്ങൾ ലണ്ടനിലെ തെരുവുകളിൽ നിന്നുകൊണ്ട് വഴിപോക്കർക്ക് മുമ്പിൽ യേശുവിന്റെ സാക്ഷ്യം വഹിച്ചു. ബക്കിംഗ്ഹാം കൊട്ടാരത്തിനും പാർലമെന്റ് കെട്ടിടത്തിനുമിടയിൽ അമ്പരപ്പിക്കുന്ന നിലയിൽ നിരവധി ആളുകൾ ക്രിസ്തുവിൽ വിശ്വസിക്കുന്നത് ഞങ്ങൾ കണ്ടു. അവർ ലണ്ടന് പുറത്ത് നിന്നുള്ളവരായിരുന്നു. എന്നാൽ ഞങ്ങളുടെ തുടർപ്രവർത്തനങ്ങളിൽ ഈ പുതിയ ക്രിസ്ത്യാനികളെ ഫോളോ അപ്പ്ചെയ്യാൻ അവസരം ലഭിച്ചപ്പോൾ, അവരിലുണ്ടായ ആത്മീയവളർച്ചയുടെ ഫലങ്ങൾ വളരെ മികച്ചതായിരുന്നു. പരിശുദ്ധാത്മാവ് വിവിധ മാർഗങ്ങളിലൂടെ, മനുഷ്യരുടെ സഹായത്തോടെ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണിത്.

സഹവിശ്വാസികളുടെ പ്രേരണയിലൂടെയും പ്രോത്സാഹനത്തിലൂടെയും അവരുടെ ആത്മീയവളർച്ചയ്ക്കായി പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. ക്രിസ്തുവിലേക്കു വന്ന പുതിയവിശ്വാസികൾ പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കുമിടയിൽ ആത്മീയവളർച്ചയ്ക്കായി പാടുപെടുന്നു എന്നത് ഒരു വസ്തുതയാണ്. എങ്കിലും അവർ സന്തോഷത്തോടെ സഹിച്ചു മുന്നേറുമ്പോൾ അവരെ വിശ്വാസത്തിലേയ്ക്ക് നടത്തിയ അവരുടെ മാർഗ്ഗദർശിക്കും ബുദ്ധി ഉപദേശകനും ഇതിൽപ്പരം സന്തോഷവും പ്രോത്സാഹജനകവുമായ മറ്റൊന്നില്ല. ലണ്ടനിലെ തെരുവുകളിൽ വച്ചു മാനസാന്തരപ്പെട്ട വ്യക്തികൾ വിശുദ്ധജീവിതത്തിലേക്ക് വളർന്നു പക്വത പ്രാപിച്ചതിന്റെ ഏറ്റവും വലിയ കാരണങ്ങളിലൊന്ന് അവരെ ക്രിസ്തുവിലേക്ക് നയിച്ച വ്യക്തിയുടെ സ്നേഹപൂർവകമായ ഫോളോഅപ്പ് മൂലമാണ്. സ്നേഹിക്കാനും സൽപ്രവൃത്തികൾ ചെയ്യാനും പരസ്പരം പ്രേരിപ്പിക്കുന്നതിന് നമുക്കു ശ്രദ്ധിക്കാം. സഭായോഗങ്ങളെ ഉപേക്ഷിക്കുന്നത് ചിലർ ശീലമാക്കിയിട്ടുണ്ട്. നാം അങ്ങനെ ചെയ്യാതെ, കർത്താവിന്റെ പുനരാഗമനദിവസം അടുത്തുവരുന്നെന്നു കാണുന്തോറും അധികമധികമായി പരസ്പരം പ്രോത്സാഹിപ്പിക്കാം (എബ്രായർ 10:24). പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത് ആത്മഭാരവും വിശ്വസ്തതയും ഉള്ള സഹവിശ്വാസികളിലൂടെയാണ്. ഏറെക്കുറെ എല്ലാ ക്രിസ്ത്യാനികളും ഏതെങ്കിലും തരത്തിലുള്ള അപവാദപ്രചാരണം നേരിട്ടിട്ടുണ്ടെന്നു എനിക്കറിയാം. എങ്കിലും അവർ മനുഷ്യരോട് കണക്കു ബോധിപ്പിക്കേണ്ടതില്ല. വചനാനുസരണം നാം മൗനമായിരിക്കുകയും ദൈവത്തിനു പ്രവർത്തിക്കുവാൻ അവസരം നൽകയും വേണം. ക്രിസ്തുവിനോടുള്ള ഭയവും ഭക്തിയും നിമിത്തം നാം പരസ്പരം കീഴടങ്ങി ജീവിക്കുന്നത് പരിശുദ്ധാത്മാവിനെ ബഹുമാനിക്കുന്നതിനാലാണ്. (എഫെസ്യർ 5:21).

**സഭയിലൂടെ പ്രവർത്തിക്കുന്നു.**

ദൈവസഭ ക്രിസ്തുവിനെ ബഹുമാനിക്കുകയും ബൈബിൾ പ്രസംഗിക്കുകയും ചെയ്യുന്നു. ആത്മികമായി തികവ് പ്രാപിക്കേണ്ടതിനു എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അവയവങ്ങളെന്ന പോലെ തികഞ്ഞ ഏകോപനത്തിൽ വസിക്കേണ്ടതാണ്. അല്ലാത്തപക്ഷം, ദൈവവുമായുള്ള നമ്മുടെ ബന്ധം സഭയെ മറികടന്ന് നാം വചനത്തിന് മുകളിലാണെന്നും, വിശ്വാസികളുമായുള്ള കൂട്ടായ്മ ആവശ്യമില്ലാത്തതാണെന്നും ചിന്തിച്ചേക്കാം. ചിലരുടെ ശീലം പോലെ ഒരുമിച്ചുള്ള കൂട്ടായ്മ അതായത് സഭായോഗം ഉപേക്ഷി


STATEMENT OF OWNERSHIP AND OTHER PARTICULARS
ABOUT THE NEWSPAPER NERVEEDHI

**FORM 1V - SEE RULE 8**

| | | |
|---|---|---|
| 1. Place of publication | : | Kottayam |
| 2. Periodicity of the publication | : | Monthly |
| 3. Printer's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | Mackal House<br>Amayannoor P.O<br>Kottayam 686019 |
| 4. Publisher's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | As above |
| 5. Editor's Name | : | P.V. Varghese |
| Whether citizen of India | : | Yes |
| Address | : | Pylithanathu House<br>Amayannoor P O<br>Kottayam 686019 |

6. Name and Address of individuals who own the newspaper and partners or share holders holding more than one percent of total capital. The Newspaper is owned by Righteous Path Publication Trust.

Trustees:

1. Joykutty Mackal Thomas, Mackal House, Amayannoor P.O, Kottayam 686019
2. James M.T., Mackal House, Amayannoor P.O, Kottayam 686019

I, James M.T., hereby declare that the particulars given above are true to the best of my knowledge and belief.

Kottayam — Sd/-
10-3-2023 — Publisher

ക്കരുത്. അതിനായി നമുക്ക് പരസ്പരം പ്രോത്സാഹിപ്പിക്കാം.

**നിരന്തരമായ പ്രാർത്ഥനയും വചനധ്യാനവും**

ഇതിനെ വ്യക്തിപരമായ ആരാധന എന്നോ ധ്യാനമെന്നോ വിളിക്കാം. കർത്താവുമായി എത്ര സമയം മധുരസമ്പർക്കം ചെയ്യുന്നു എന്നതിലൂടെ നാം കർത്താവിനെയും തന്റെ ഇഷ്ടത്തെയും ആഴത്തിൽ അറിയുന്നു. നാം എത്രമാത്രം കുട്ടികളെ സ്നേഹിക്കുന്നു എന്ന് അവർ മനസിലാക്കുന്നത്, അവരോടൊപ്പം എത്രത്തോളം സമയം ചെലവഴിക്കുന്നു എന്നു നോക്കിയാണ്. ദൈവം നമ്മുടെ സ്നേഹത്തെയും ഈ രീതിയിൽ വിലയിരുത്തുകയാണെങ്കിൽ, നാം ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ദൈവം എങ്ങനെ പറയും? ദൈവത്തോടൊപ്പമുള്ള ഏകാന്തധ്യാനത്തിൽ, ഞാൻ ഒരു ബൈബിൾ വായനാപ്ലാൻ ഉപയോഗിക്കുന്നു. അത് എന്നെ എല്ലാദിവസവും വചനത്തിൽ നിലനിൽക്കുവാൻ സഹായിക്കുന്നു. ഒപ്പം പ്രാർത്ഥനയിൽ തനിച്ച് സമയം ചിലവഴിക്കുന്നത് ഒരു വലിയ അനുഭവമാണ്. സാധാരണയായി പ്രഭാതത്തിലുള്ള ഈ നിമിഷങ്ങൾ എന്റെ ദിവസത്തിലെ ഏറ്റവും മൂല്യവത്തായ സമയമാണ്. പരിശുദ്ധാത്മാവിന്റെ, നമ്മെ രൂപാന്തരപ്പെടുത്തുന്നതിനുള്ള ഏറ്റവും വലിയ ഉപകരണമാണ് തിരുവചനം. അവിടുന്ന് അത് എഴുതി. ഒരു വിശുദ്ധ ജീവിതം നയിച്ച് ആത്മാവിന്റെ ശക്തി അനുഭവിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ലോകത്തിലെ മറ്റെന്തിനെക്കാളും തിരുവെഴുത്തുകളെ അറിയുകയും സ്നേഹിക്കുകയും ചെയ്യുക.

**വിശുദ്ധീകരണത്തിനുള്ള ഉപദേശം**


ഈ ഉപദേശങ്ങൾ നാം അഭ്യസിക്കണമെന്ന ഉദ്ദേശ്യത്തോടു കൂടിയാണ് നല്കപ്പെട്ടിരിക്കുന്നത്. പാപരഹിതനായും പൂർണനാ യും ഇരിക്കുമെന്ന് വിശ്വസിക്കാൻ പ്രോത്സാഹിപ്പിച്ച ഒരു സഭയിലാണ് ഞാൻ വളർന്നത്. എന്നാൽ ഈ പഠിപ്പിക്കൽ എനിക്ക് വലിയ ഉപകാരമൊന്നും ചെയ്തില്ല. പരിശുദ്ധാത്മാവ് നമ്മിൽ വസിച്ചു തിരുവെഴുത്തുകൾ ആഴത്തിൽ ധ്യാനിക്കുവാൻ സഹായിക്കുന്നു എങ്കിൽ മാത്രമേ ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവിലേയ്ക്ക് വളരുവാൻ സാധിക്കുകയുള്ളൂ. താൻ നിൽക്കുന്നു എന്ന് തോന്നുന്നവൻ വീഴും എന്നതാണ് തിരുവെഴുത്തു നൽകുന്ന മുന്നറിയിപ്പ്. ആ വീഴ്ച കഠിനവുമായിരിക്കും.

ദൈവത്തിനു നമ്മുടെ പ്രകൃതി അറിയാം. നാം പൊടി ആണെന്ന് അവിടുന്ന് ഓർക്കുന്നു. മഹാപുരോഹിതനായ യേശു, നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുന്നു. നമ്മെ വീഴാതവണ്ണം താങ്ങിനിർത്തുവാൻ താൻ എപ്പോഴും നമ്മോടൊപ്പമുണ്ട്. വിശുദ്ധീകരണം പുരോഗമനപരമാണ്. യേശുവിനെപ്പോലെ മഹത്വീകരിക്കപ്പെടുകയും തേജസ്ക്കരിക്കപ്പെടുകയുംചെയ്യുന്നതുവരെ നാം പൂർണ്ണതയിലേക്കുള്ള വളർച്ചയിലാണ്. •

# ആത്മീയ പക്വത...

**ഓ**രോ ക്രിസ്ത്യാനിയും ഇഹലോകത്തിൽ വച്ചുതന്നെ പ്രാപിക്കേണ്ട ഒന്നാണ് ആത്മീയ പക്വത. നാം ദൈവത്തെ എങ്ങനെ സേവിക്കുന്നു, സഹവിശ്വാസികളെ എങ്ങനെ സ്നേഹിക്കുന്നു, മറ്റുള്ളവരുമായി എങ്ങനെ ഇടപഴകുന്നു, നമ്മുടെ കുടുംബാംഗങ്ങളെ എങ്ങനെ പരിപാലിക്കുന്നു എന്നത് ആത്മീയ ജീവിതത്തിൽ വളരെ പ്രധാനമാണ്. യേശുവിന്റെ അനുഗാമിയാകുക എന്നാൽ ത്യാഗം സഹിക്കുവാനുള്ള സമർപ്പണത്തോടെ, അതായതു അവനവന്റെ ക്രൂശുമെടുത്തു കൊണ്ട് യേശുവിനെ അനുഗമിക്കുക എന്നതാണ്. ഒരു നിമിഷം നമ്മുടെ ഭൂതകാലത്തെക്കുറിച്ച് ചിന്തിക്കാം. കർത്താവ് നമ്മെ കണ്ടുമുട്ടിയത് എവിടെ വച്ചാണെന്ന് നിങ്ങൾ ഓർക്കുന്നുണ്ടോ? മിക്കവാറും, അവിടുന്ന് നമ്മെ കണ്ടുമുട്ടിയത് നാം ഏറ്റവും കുഴപ്പത്തിൽക്കൂടി കടന്നു പോയ രോഗത്തിന്റെയോ സാമ്പത്തികത്തകർച്ചയുടെയോ തിരസ്ക്കരണത്തിന്റെയോ നാളുകളിലായിരിക്കാം. നാം തകർച്ചയിലായിരുന്ന സമയം ദൈവം നമ്മെ കണ്ടുമുട്ടുകയും അപ്പോഴത്തെ പ്രശ്നത്തിൽ നിന്നും രക്ഷിക്കുകയും ചെയ്തു. എങ്കിലും നാം മുൻകാലങ്ങളിലെപ്പോലെ തുടരാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല. പ്രത്യുത, ക്രിസ്തുവിനെക്കുറിച്ചുള്ള പ്രാഥമിക പഠിപ്പിക്കലുകൾക്കപ്പുറം നാം ആത്മിക പക്വതയിലേക്ക് മുന്നേറണമെന്നാണ് അവിടുത്തെ ആഗ്രഹം.





ഡോ. സുജിത്ത് സൈമൺ

# നിലനിൽക്കുന്ന ഉത്തമസന്തോഷം...

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എല്ലാവർക്കും എല്ലാ സൗകര്യങ്ങളും വർദ്ധിച്ച് വരികയാണെങ്കിലും, മനുഷ്യന്റെ സന്തോഷം കുറഞ്ഞു കുറഞ്ഞു പോവുകയാണ്. എന്തുകൊണ്ടാണ് മനുഷ്യന്റെ സന്തോഷം നഷ്ടപ്പെടുന്നത്? സന്തോഷം എങ്ങനെ തിരിച്ചെടുക്കാം? മനുഷ്യന്റെ മസ്തിഷ്കത്തിൽ സന്തോഷത്തിനും സുഖത്തിനും ആയി ഉത്പാദിപ്പിക്കപ്പെടുന്ന നാല് ഹോർമോണുകൾ ഉണ്ട്. ഈ ഹോർമോണുകളുടെ ഉൽപാദനം സ്തംഭിക്കുന്നത് കാരണമാണ് പലരുടെയും ജീവിതം വളരെയധികം വിരസമായി മാറുന്നത്. ഈ ഹോർമോണുകൾ ഏതെല്ലാം ആണെന്നും അവയെ എങ്ങനെ ഉത്തേജിപ്പിക്കാം എന്നും നാം മനസ്സിലാക്കിയിരിക്കണം. ഏതെല്ലാം ആണ് ഈ നാല് ഹോർമോണുകൾ?

1. എൻഡോർഫിൻ (Endorphin) 2. ഡോപ്പമിൻ (Dopamine) 3. സെറോടോണിൻ (Serotonin) 4. ഓക്സിടോസിൻ (Oxitosin).ജീവിതത്തിൽ സന്തോഷത്തെയും സുഖാനുഭവത്തെയും വർധിപ്പിച്ചു തരുന്നത് ഈ ഹോർമോണുകളാണ്.

**എൻഡോർഫിൻ:** ഇത് മസ്തിഷ്കത്തിലെ നാച്ചറൽ കഞ്ചാവ് എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഹോർമോൺ ആണ്. മനുഷ്യൻ മദ്യപിക്കുമ്പോഴും ലഹരിവസ്തുക്കൾ ഉപയോഗിക്കുമ്പോഴും എൻഡോർഫിൻ ഹോർമോണിന്റെ സ്വാധീനം കൊണ്ടാണ് സുഖാനുഭവം ഉണ്ടാകുന്നത്. എന്നാൽ നമുക്ക് എൻഡോർഫിൻ ഹോർമോണുകളെ സാധാരണഗതിയിൽ തന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്. മസ്തിഷ്കത്തിൽ എൻഡോർഫിൻ എന്ന ഹോർമോൺ ഉത്തേജിപ്പിക്കപ്പെടുന്നതിലൂടെ നമുക്ക് സുഖം ഉണ്ടാകണമെങ്കിൽ വളരെ ചെറിയ ചില കാര്യങ്ങൾ മാത്രമേ ചെയ്യേണ്ടതായിട്ടുള്ളൂ. നടക്കുക, അല്ലെങ്കിൽ വ്യായാമം ചെയ്യുക. രാവിലെ എണീറ്റ് നടക്കുകയോ വ്യായാമം ചെയ്യുകയോ വളരെയധികം മന:സുഖം ഉണ്ടാക്കുന്നതുപോലെയുള്ള കളികളിൽ ഏർപ്പെടുകയോ ചെയ്യുമ്പോൾ, ശരീരം നന്നായി ഇളകുമ്പോൾ എൻഡോർഫിൻ ഹോർമോണുകൾ ഉൽപ്പാദിപ്പിക്കപ്പെടും. എന്നാൽ ഇത് വളരെയധികം കായികമായി അധ്വാനിക്കുന്നത് കൊണ്ട് ഉണ്ടാവുകയില്ല. അതായത് ഒരാൾ ഒരു പറമ്പ് കിളച്ചു കൊണ്ടിരിക്കുകയാണെന്ന് ഇരിക്കട്ടെ. അദ്ദേഹം അതൊരു തൊഴിലായി ചെയ്യുകയാണ്. വളരെയധികം കഷ്ടപ്പാടോടു കൂടിയും അധ്വാനത്തോട് കൂടിയും ആണ് അത് ചെയ്യുന്നതെങ്കിൽ, അത് എത്ര കഠിന വ്യായാമം ആണെങ്കിലും അതിലൂടെ എൻഡോർഫിൻ ഹോർമോണുകൾ ഉത്പ്പാദിപ്പിക്കപ്പെടുകയില്ല. വളരെ സന്തോഷത്തോടെ കളികൾ, വ്യായാമം, നടത്തം തുടങ്ങിയ കാര്യങ്ങൾ ചെയ്യുമ്പോഴാണ് എൻഡോർഫിൻ ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഇത്തരത്തിൽ എൻഡോർഫിനുകൾ ഉത്പ്പാദിപ്പിക്കപ്പെടുകയാണെങ്കിൽ ആ സന്തോഷം നൽകുന്ന സുഖാനുഭവം നമുക്ക് പകൽ മുഴുവൻ നിലനിർത്തുവാൻ സാധിക്കും.

**2. ഡോപ്പോമിൻ:** പാർക്കിൻസൺ എന്നറിയപ്പെടുന്ന ഒരു അസുഖമുണ്ട്. ശരീരം മുഴുവൻ എപ്പോഴും വിറച്ചു കൊണ്ടിരിക്കുന്ന, മുഖത്ത് യാതൊരു സന്തോഷവും ഒരിക്കലും വരാത്ത അവസ്ഥ. ഈ അവസ്ഥ ഉണ്ടാകുന്നതിനുള്ള കാരണം ഡോപ്പമിൻ ഹോർമോണിന്റെ കുറവാണ്. ഡോപ്പമിനെ ഉത്തേജിപ്പിച്ച് ആ സന്തോഷവും സുഖാനുഭവവും ഉണ്ടാക്കിയെടുക്കുവാൻ ഉള്ള ഏറ്റവും ലളിതമായ വഴി പരസ്പരം അംഗീകരിക്കുക എന്നതാണ്. ഭാര്യ ഭർത്താവിനെയും, മാതാപിതാക്കൾ മക്കളെയും, മക്കൾ അച്ഛനെയും അമ്മയെയും

കൂടെയുള്ളവരെയും അംഗീകരിക്കുക. അവർ എങ്ങനെയുള്ളവർ ആയിരുന്നാലും അവരെ അംഗീകരിക്കുക. മറ്റുള്ളവരെ സ്നേഹിക്കുക, പ്രശംസിക്കുക, സഹജീവികളെ അംഗീകരിക്കുക തുടങ്ങിയ നല്ല ശീലങ്ങൾ നമ്മിൽ വളർത്തുകയാണെങ്കിൽ അതിലൂടെ നമ്മുടെ ഉള്ളിലെ ഡോപ്പമിൻ ഹോർമോണുകൾ ഉത്തേജിപ്പിക്കപ്പെടും. ഇങ്ങനെ നമ്മിൽ വളരെയധികം സന്തോഷത്തിന്റെ അനുഭൂതി ഉണ്ടാവും. മറ്റുള്ളവരെ സ്നേഹിക്കുകയും അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നത് ഒരു സാമൂഹിക മര്യാദ മാത്രമാണെന്ന് കരുതാതെ, ഇത് നമ്മുടെ മാനസികാവസ്ഥയെ എപ്പോഴും സുഖാനുഭവത്തിൽ നിലനിർത്തുവാൻ കഴിയുന്ന ഒരു തന്ത്രമായി കണ്ടുകൊണ്ട് ഈ ശീലം നാം വളർത്തിയെടുക്കുക.

**3. സെറോടോണിൻ:** സെറോടോണിൻ ഉത്തേജിപ്പിക്കപ്പെടണമെങ്കിൽ ഒരു കാര്യം മാത്രം ചെയ്താൽ മതി. സേവനം ചെയ്യുക. മറ്റുള്ളവർക്ക് ചില നല്ല കാര്യങ്ങൾ ചെയ്തു കൊടുക്കുക. അത് വീട്ടിലാകാം, ചുറ്റുവട്ടത്താകാം, അയൽക്കാർക്കാകാം, നാട്ടുകാർക്കാകാം, ഒരു പരിചയവും ഇല്ലാത്ത ആളുകൾക്കും ആകാം. നാം ഒരു ചെറിയ സേവനം മറ്റുള്ളവർക്ക് ചെയ്യുമ്പോൾ അവരുടെ സന്തോഷം നിറഞ്ഞ മുഖത്ത് നിന്ന് നമ്മുടെ ഉള്ളിലേക്ക് ഒരു എനർജി ട്രാൻസ്ഫർ നടക്കുന്നുണ്ട്. ആ എനർജി ട്രാൻസ്ഫറിലൂടെ നമ്മുടെ ഉള്ളിൽ സെറോടോണിൻ ഉല്പ്പാദിപ്പിക്കപ്പെടും. മറ്റുള്ളവർക്ക് യാതൊന്നും ചെയ്തു കൊടുക്കാതെ, സ്വന്ത കാര്യം മാത്രം നോക്കി ജീവിക്കുന്നവർക്കും, എനിക്ക് സുഖിക്കണം എന്ന ഒരൊറ്റ കാര്യം ചിന്തിച്ചുകൊണ്ട് ജീവിക്കുന്നവർക്കും ഒരിക്കലും മന:സുഖം അനുഭവിക്കുവാൻ കഴിയാത്തത് അതുകൊണ്ടാണ്. എന്തുകൊണ്ടെന്നാൽ അവരിൽ സെറോടോണിൻ ഉല്പ്പാദിപ്പിക്കപ്പെടുന്നില്ല. സേവനങ്ങൾ ചെയ്യുമ്പോൾ ഉല്പാദിപ്പിക്കപ്പെടുന്ന ഒരു നാച്ചറൽ ഹോർമോണാണ് സെറോടോണിൻ.

**4. ഓക്സിടോസിൻ:** ഈ ഹോർമോണും നമ്മുടെ സന്തോഷവും സുഖവുമായി ബന്ധപ്പെട്ട് കിടക്കുന്ന ഒന്നാണ്. ഈ ഹോർമോൺ മസ്തിഷ്കത്തിൽ ഉൽപ്പാദിപ്പിക്കപ്പെടണമെങ്കിൽ മറ്റുള്ളവരോട് കൂടെ സമയം ചെലവഴിക്കുക എന്നതാണ് ഏറ്റവും ലളിതമായ വഴി. അതായത് ജനങ്ങളോട് കൂടിയുള്ള ഒരു സംസർഗ്ഗം. ഒരു സോഷ്യൽ ബീയിംഗ് ആവുക. ഒരിക്കലും ഒറ്റപ്പെട്ടവർ ആയി ജീവിക്കാതെ, ആരോടും കൂട്ടുകൂടാതെ, ആരെ കണ്ടാലും മിണ്ടാതെ, ചിരിക്കാതെ, ഒരു തമാശ പോലും പറയാതെ ജീവിക്കുന്നവർക്ക് ഓക്സിടോസിൻ ഉത്പാദിപ്പിക്കപ്പെടുകയില്ല. ഓക്സിടോസിൻ ഉല്പ്പാദിപ്പിക്കപ്പെടണമെങ്കിൽ എല്ലാ ദിവസവും കുറച്ചു സമയം നമുക്ക് ഏറ്റവും പ്രിയപ്പെട്ട ആളുകളോട് കൂടെ ചെലവഴിക്കുവാൻ, നാം സമയം കണ്ടെത്തണം. അതും അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറയാതെയും പരദൂഷണം പറയാതെയും പ്രശ്നങ്ങളെ കുറിച്ച് മാത്രം ചർച്ച ചെയ്യാതെയും വളരെയധികം സന്തോഷപ്രദവും ആത്മികവുമായ കാര്യങ്ങൾ സംസാരിച്ചുകൊണ്ട് സമയം ചെലവഴിക്കണം. അങ്ങനെ ചെയ്യുന്ന സമയത്ത് നമ്മുടെ ഉള്ളിൽ ഓക്സിടോസിൻ എന്ന ഹോർമോൺ ഉൽപ്പാദിപ്പിക്കപ്പെടും. സംസാരത്തിലൂടെയും സംസർഗ്ഗത്തിലൂടെയും ഉണ്ടാകുന്ന ഒരു ഹോർമോൺ ആണ് ഇത്.

ഇത്തരത്തിലാണ് ഈ നാലു ഹോർമോണുകളെ മസ്തിഷ്കത്തിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുക. നമ്മുടെ ഉള്ളിൽത്തന്നെയുള്ള സുഖാനുഭവത്തെ ശരീരത്തിലേക്ക് വ്യാപിപ്പിച്ച് അനുഭവിക്കുവാൻ കഴിയുന്നില്ല എങ്കിൽ ഈ നാല് ശീലങ്ങൾ നമ്മിൽ ഇല്ലന്നാണ് അർത്ഥം. അതായത് സന്തോഷത്തോടെയുള്ള വ്യായാമങ്ങൾ, മറ്റുള്ളവരെ അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യുന്ന ശീലങ്ങൾ, മറ്റുള്ളവർക്ക് വേണ്ടി സേവനം ചെയ്യാനുള്ള മനസ്സ്, സമൂഹത്തിൽ ഇടപഴകുന്ന ഒരു മനുഷ്യൻ ആയിരിക്കുക എന്ന കാര്യം. ഈ നാല് കാര്യങ്ങൾ നഷ്ടപ്പെട്ടത് കൊണ്ടാണ് മനുഷ്യൻ ഇന്ന് വിഷാദരോഗങ്ങൾക്ക് അടിമയായിരിക്കുന്നത്. അതുകൊണ്ട് ഈ നാല് കാര്യങ്ങൾ ജീവിതത്തിൽ ഒരു പരീക്ഷണാർത്ഥം കുറച്ചു കാലത്തേക്ക് പ്രയോഗിച്ച് നോക്കൂ.തീർച്ചയായും ഈ ഹോർമോണുകൾ ഉത്തേജിപ്പിക്കപ്പെടും. അതുവഴി മന:സുഖവും സന്തോഷവും കൈവരിക്കാം. ഈ കാര്യങ്ങൾ നിങ്ങൾക്ക് പ്രയോജനപ്പെടുന്നു എങ്കിലത് ജീവിതശീലമാക്കി മാറ്റുക. മന:സുഖത്തിനായി എവിടെയും അലഞ്ഞു തിരിയേണ്ട ആവശ്യമില്ല. സുഖത്തിന്റെ എല്ലാ തന്തുക്കളും ദൈവം നമ്മുടെയുള്ളിൽത്തന്നെ തന്നിരിക്കുന്നു. മന:സ്സുഖം ദൈവദത്തമായ നമ്മുടെ അവകാശവും സ്വത്തുമാണ്.

എന്റെ സന്തോഷം നിങ്ങളിലായിരിക്കണം, നിങ്ങളുടെ സന്തോഷം പൂർണ്ണമായിരിക്കണം എന്നുമാണ് യോഹന്നാൻ 15 ന്റെ 11 ൽ യേശു നമ്മോടു അരുളിച്ചെയ്തിരിക്കുന്നത്. ക്രിസ്തുവിനെ അംഗീകരിക്കുന്നതും അനുസരിക്കുന്നതും രുചിച്ചറിയുന്നതും വഴി ഇഹത്തിൽ മാത്രമല്ല, പരത്തിലും നിലനിൽക്കുന്ന ഉത്തമസന്തോഷം പ്രാപിക്കുവാൻ കഴിയും. യഥാർത്ഥ സന്തോഷം ക്രിസ്തുവിൽ കണ്ടെത്തുവാൻ നാം ശ്രമിക്കുകയും അതിനായി സമർപ്പിക്കുകയും ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●



**പി.വി. വർഗീസ്**

# സകലവിധ ദോഷങ്ങളുടെയും ഉറവിടം...

***ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹുദു:ഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു. നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക (1 തിമോഥെയോസ് 6:10,11).***

ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങളുടെയും ഉറവിടമാണ്. ധനമോഹത്താൽ ചിലർ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച്, പലവിധ വേദനകൾക്ക് തങ്ങളെത്തന്നെ അധീനരാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ദൈവപുരുഷാ, നീയോ ഇവയിൽനിന്നെല്ലാം ഓടിയകലുക. നീതി, ഭക്തി, വിശ്വാസം, സ്നേഹം, സഹിഷ്ണുത, സൗമ്യത എന്നിവയെ അനുഗമിക്കുക എന്നാണ് മറ്റൊരു പരിഭാഷയിൽ കാണുന്നത്. ഒട്ടും ധനമില്ലാത്തവരായി എല്ലാവരും ദരിദ്രരായിരിക്കണം എന്നല്ല ഈ വചനങ്ങളർത്ഥമാക്കുന്നതു. ധനത്തോടുള്ള നമ്മുടെ മനോഭാവമാണ് ഇവിടുത്തെ വിഷയം. സമ്പത്തു വർധിച്ചാൽ അതിൽ മനസ് വയ്ക്കരുതെന്നു സങ്കീർത്തനങ്ങളിലും കാണുന്നു. ധനത്തെ അനുസരണമുള്ള ഒരു ദാസന്റെ നിലയിൽ നിറുത്തിയാൽ അത് അപകടകാരിയായി മാറുവാൻ സാധ്യതയില്ല. എന്നാൽ ധനത്തെ നാം അമിതമായി സ്നേഹിച്ചാൽ അത് യജമാനന്റെ സ്ഥാനം കൈയ്യടക്കി നമ്മെ വീഴ്ചകളിലേയ്ക്കും കഷ്ടനഷ്ടങ്ങളിലേയ്ക്കും തള്ളി വിടുകയും ചെയ്യും. നോക്കുക, ഇവിടെ പണം യജമാനനായാൽ നാം അവന്റെ ദാസ്യവൃത്തി ചെയ്യേണ്ടി വരും. ബഹുവിധ ദോഷങ്ങളിലേയ്ക്ക് നമ്മെക്കൊണ്ടെത്തിക്കുന്ന വിധിവൈപരീത്യമാണ് ഇതിനാലുള്ള വിന.

**പണം യജമാനനായാൽ നാം അവന്റെ ദാസ്യവൃത്തി ചെയ്യേണ്ടി വരും. ബഹുവിധ ദോഷങ്ങളിലേയ്ക്ക് നമ്മെക്കൊണ്ടെത്തിക്കുന്ന വിധിവൈപരീത്യമാണ് ഇതിനാലുള്ള വിന.**

ദ്രവ്യാഗ്രഹത്താൽ പിടിപെട്ടു പോയവരാരും തന്നെ, മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്കു മടങ്ങി വന്നതായി കാണുന്നില്ല. ഇത്തരക്കാർക്ക് തങ്ങൾ ചെയ്തു പോയ അപരാധം വലിയ കുറ്റബോധമായി അനുഭവപ്പെട്ടേക്കാം. അതിൽ നിന്നും ശാന്തി ലഭിക്കുവാൻ തങ്ങളുടെ ബുദ്ധിയിലുദിക്കുന്ന എന്തെങ്കിലുമൊക്കെ ചെയ്തെന്നും വരാം. എങ്കിലും, നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസ്സുവച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിനിരയായിത്തീരും; എന്നിങ്ങനെയുള്ള ദൈവിക അരുളപ്പാടനുസരിച്ചു

ആഴമായ പാപബോധമോ, അനുതാപമോ, പാപം ഏറ്റു പറഞ്ഞുപേക്ഷിക്കുന്ന അനുഭവമോ ദ്രവ്യാഗ്രഹത്താൽ പിടിപെട്ടു പോയവരിലുളവാകുവാൻ വലിയ പ്രയാസമായിരിക്കും. ഇതു തിരുവെഴുത്തിൽ പ്രതിപാദിച്ചരിക്കുന്ന ചില സംഭവങ്ങളിലൂടെ നമുക്ക് മനസിലാക്കാം.

ഉദാഹരണത്തിന് യോശുവായുടെ കൽപ്പനയ്ക്കു വിരോധമായി ആഖാൻ കൊള്ളയുടെ കൂട്ടത്തിൽ നിന്ന് വിശേഷമായൊരു ബാബിലോന്യ മേലങ്കിയും 200 ശേക്കെൽ വെള്ളിയും 50 ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു, മോഹിച്ചു, എടുത്ത് അവന്റെ കൂടാരത്തിൽ നിലത്തു കുഴിച്ചിട്ടു. തൽഫലമായി യിസ്രായേൽ ഹായി പട്ടണക്കാരുടെ മുമ്പിൽ തോറ്റുപോയി. അവന്റെ മോഹത്തിന്റെ ശിക്ഷയായി ജനമെല്ലാം അവരെ കല്ലെറിഞ്ഞു കൊല്ലുകയും തീയിലിട്ടു ചുട്ടു കളയുകയും ചെയ്തു(യോശുവ 7:20 - 26). അവരെ കല്ലെറിയുന്നതും തീയിലിട്ടു ചുട്ടു കളയുന്നതും വളരെ ക്രൂരമല്ലേ എന്ന് തോന്നാം. സ്വാഭാവികമായും അവന്റെ ഭാര്യയെയും മക്കളെയും ശിക്ഷയ്ക്ക് വിധേയരാക്കിയത് എന്തിനെന്നും നമുക്ക് തോന്നിയേക്കാം. കൂടാരത്തിനകത്തു മോഷണവസ്തുക്കൾ ഒളിപ്പിച്ചു കുഴിച്ചിട്ടപ്പോൾ ദൃക്സാക്ഷികളായിരുന്ന അവർ അവനെ വിലക്കുകയോ പിന്തിരിപ്പിക്കുകയോ യോശുവയോടറിയിക്കുകയോ ചെയ്തില്ല എന്ന തെറ്റാണ് അവരുടെ ഭാഗത്തുള്ളത്. ഈ നിഴലായ സംഭവത്തിന്റെ പൊരുൾ; പുതിയനിയമ യിസ്രായേൽ അവരുടെ മനോഭാവത്തിൽ നിന്ന് ഇത്തരം മോഹങ്ങളെ മുളയിലേ തന്നെ നുള്ളിക്കളയണം എന്നാണ്. അതായത് അവരുടെ മനസ്സിൽ മോഹമുണ്ടായാൽ ആ ദുർമോഹത്തെ പിഴുതെടുത്ത് പാടേ നശിപ്പിച്ചു തങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയാണ് വേണ്ടത്. എന്നാൽ, ഓരോരുത്തരും പ്രലോഭിപ്പിക്കപ്പെടുന്നത് സ്വന്തം ദുർമോഹത്താൽ വലിച്ചിഴയ്ക്കപ്പെടുകയും വശീകരിക്കപ്പെടുകയും ചെയ്യുമ്പോഴാണ്. ഈ ദുർമോഹങ്ങൾ ഗർഭം ധരിച്ചു പാപത്തെ ജനിപ്പിക്കുന്നു; പാപം പൂർണ വളർച്ചയെത്തി മരണത്തെ ജനിപ്പിക്കുന്നു എന്നാണ് തിരുവെഴുത്തു പറയുന്നത്. നിന്റെ കണ്ണ് നിനക്ക് ഇടർച്ച വരുത്തിയാൽ അതിനെ ചൂഴ്ന്നെടുത്തു എറിഞ്ഞു കളയണം എന്ന് യേശു പറഞ്ഞതിന്റെ അർത്ഥവും ഇത് തന്നെയാണ്.

ഗേഹസി എന്ന പ്രവാചകശിഷ്യന്റെ ദ്രവ്യാഗ്രഹം അവനെ അരാം രാജാവിന്റെ സേനാധിപതിയും

**പുതിയനിയമ യിസ്രായേൽ അവരുടെ മനോഭാവത്തിൽ നിന്ന് ഇത്തരം മോഹങ്ങളെ മുളയിലേ തന്നെ നുള്ളിക്കളയണം എന്നാണ്. അതായത് അവരുടെ മനസ്സിൽ മോഹമുണ്ടായാൽ ആ ദുർമോഹത്തെ പിഴുതെടുത്ത് പാടേ നശിപ്പിച്ചു തങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയാണ് വേണ്ടത്.**

കുഷ്ഠരോഗിയുമായിരുന്ന നയമാന്റെ പിന്നാലെ ഓടിച്ചു. ഭോഷ്ക്കു പറഞ്ഞ് അവനിൽ നിന്നും 2 താലന്ത് വെള്ളിയും 2 കൂട്ടം വസ്ത്രവും കൈവശമാക്കുവാനും ഇടവരുത്തി. എലീശയുടെ അടുക്കൽ വന്നു തന്റെ കുഷ്ഠം സൗഖ്യമായതിന്റെ സന്തോഷത്തിലാണ് നയമാൻ, ഗേഹസിക്കു ചോദിച്ചതിലധികവും കൊടുത്തത്. നയമാന്റെ കുഷ്ഠം ഗേഹസിക്കും അവന്റെ സന്തതിക്കും എന്നേക്കും ലഭിക്കുമെന്ന ശാപമാണ് പ്രതിഫലമായി കിട്ടിയതും അവനെ തീരാദു:ഖത്തിലാഴ്ത്തിയതും (2 രാജാക്കന്മാർ 5:9 - 27). ഏലീശ നിരസിച്ച ധനം കൈവശമാക്കുവാൻ, ഗേഹസി അഭിനയിച്ച കപടനാടകം വിജയിച്ചു എങ്കിലും അവൻ നേടിയ പണത്തോടു കൂടെ കുഷ്ഠരോഗവും ലഭിച്ചു. മാത്രമല്ല, എന്നേക്കുമായി പ്രവാചകനെ വിട്ടു പോകേണ്ടതായും വന്നു. ഗൗരവതരമായ ഒരു മുന്നറിയിപ്പാണ് ഈ സംഭവം നമുക്ക് നൽകുന്നത്. യാക്കോബ് അപ്പോസ്തലൻ നൽകുന്ന പ്രബോധനവും ഇതോടു ചേർത്ത് നാം ചിന്തിക്കേണ്ടതുണ്ട്. ദരിദ്രന്മാരെ ചൂഷണം ചെയ്തു വേലക്കാരുടെ കൂലി പിടിച്ചു വച്ച ദ്രവ്യാഗ്രഹികളായ ധനവാന്മാരോട്; നിങ്ങളുടെ മേൽ വരുവാൻ പോകുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവീനെന്ന ശക്തമായ താക്കീതു കർശനമായ ഒരു മുന്നറിയിപ്പായി അംഗീകരിച്ചാൽ ദ്രവ്യാഗ്രഹം വേരോടെ പിഴുതുകളയുവാൻ അതു നമുക്കും സഹായകമാണ് (യാക്കോബ് 5:16).

യേശുവിനെ ഒറ്റിക്കൊടുത്തു പണം വാങ്ങിയാലും, ആർക്കും പിടിക്കുവാൻ കഴിയാതെ യേശു രക്ഷപ്പെട്ടുകൊള്ളുമെന്ന വ്യർത്ഥധാരണയും ദ്രവ്യാഗ്രഹവും യൂദായിൽ ഒത്തു ചേർന്നപ്പോൾ ഗുരുവിനെ 30 വെള്ളിക്കാശിനു താൻ ഒറ്റിക്കൊടുത്തു. യേശു, ശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്ന് കണ്ടപ്പോൾ അവൻ ദു:ഖിതനും പരിഭ്രാന്തനുമായി. യേശുവിന്റെ അടുക്കലേക്കു മാനസാന്തരത്തോടെ

ചെന്ന് തന്റെ പാപം ഏറ്റു പറഞ്ഞിരുന്നു എങ്കിൽ തീർച്ചയായും യേശുകർത്താവ് അവനോടു ക്ഷമിച്ചു അവനെ യഥാസ്ഥാനപ്പെടുത്തു മായിരുന്നു. എന്നാലിവിടെ മനുഷ്യസഹായം തേടി പണം തിരികെ നൽകിയേക്കാമെന്ന ചിന്തയിൽ, മഹാപുരോഹിതന്മാരുടെ അടുക്കലേക്കു പോയി. അവരുടെ പ്രതികരണം, അതിനു ഞങ്ങൾ എന്ത് വേണം? നിന്റെ കാര്യം നീ തന്നെ നോക്കിക്കൊള്ളുക എന്ന നിരാശയുടെ വാക്കുകളായിരുന്നു. കോപത്തോടെ അവൻ ആ പണം ദൈവാലയത്തിലേയ്ക്ക് വലിച്ചെറിഞ്ഞു. പിശാചിന്റെ സ്വാധീനത്തിൽ കോപാക്രാന്തനായി അവൻ തൂങ്ങിച്ചത്തു. ദ്രവ്യാഗ്രഹം വരുത്തിയ വിന എത്ര വലുതെന്നു ഈ സംഭവം വ്യക്തമാക്കുന്നു.

**ദ്രവ്യാഗ്രഹത്തെ ജയിക്കുവാൻ:**

എന്നാൽ, സംതൃപ്തിയോടു കൂടിയ ദൈവഭക്തി വലിയ നേട്ടംതന്നെയാണ്. ഈ ലോകത്തിലേക്കു വന്നപ്പോൾ നാം ഒന്നും കൊണ്ടു വന്നിട്ടില്ല. ഇവിടെനിന്നു പോകുമ്പോൾ നമുക്ക് ഒന്നും കൊണ്ടുപോകാനും കഴിയുന്നതല്ല. ഭക്ഷണവും വസ്ത്രവും ഉണ്ടെങ്കിൽ അതുകൊണ്ടു നമുക്കു തൃപ്തരാകാം. ധനികരാകാൻ ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും കുടുങ്ങി, മനുഷ്യരെ തകർച്ചയിലും നാശത്തിലും മുക്കിക്കളയുന്ന ബുദ്ധിഹീനവും ഉപദ്രവകരവുമായ അനവധി മോഹങ്ങളിൽ വീണുപോകുന്നു.(1 തിമോഥെയോസ് 6:9). സംതൃപ്തിയില്ലാത്ത മനസാണ് ദ്രവ്യാഗ്രഹത്തിന്റെ ശ്രോതസും വിളനിലവും. ദൈവവിഷയമായി സമ്പന്നനായി ദൈവത്തെ പ്രസാദിപ്പിച്ച് ജീവിക്കണമെന്ന തീവ്രമായ ആഗ്രഹം നമുക്കുണ്ടെങ്കിൽ ദ്രവ്യാഗ്രഹമെന്ന മഹാവിപത്ത് നമ്മെ വിട്ടു ഓടിപ്പോകും. ഭൗതികമായി ദൈവം നൽകിയതിൽ സംതൃപ്തിയുള്ളയാൾ സന്തുഷ്ടജീവിതം നയിക്കുന്നവനാകും. ഇത് തന്നെയാണ് അയാൾ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട വ്യക്തിയാണെന്നതിന്റെ വ്യക്തമായ തെളിവ്.

ധനാർത്തിയോട് എതിർത്ത് നിൽക്കുന്നതോടൊപ്പം ദൈവികനീതി, ദൈവഭക്തി, ദൈവവിശ്വാസം, ദൈവസ്നേഹം, ദീർഘക്ഷമ, സൗമ്യത എന്നിങ്ങനെ ദൈവോന്മുഖമായ മനോഭാവം, അതായതു ക്രിസ്തുവിന്റെ മനസുള്ളവരായി ജീവിക്കുന്നത് ഈ ദുരാഗ്രഹത്തെ മറികടക്കുവാൻ അനിവാര്യമാണ്. ●

കേട്ടറിവ്

## ഇന്നത്തെ സമൃദ്ധിയും ദാരിദ്ര്യവും

* വ്യാജം ഏറെ - സത്യം കുറവ്
* ധനം ഏറെ - ധാർമ്മികത കുറവ്
* വാക്കുകൾ ഏറെ - ആത്മാർഥത കുറവ്
* അനുകരണം ഏറെ - അനുഭവം കുറവ്
* ബിരുദധാരികൾ ഏറെ - വിവേകശാലികൾ കുറവ്
* വീടുകൾ ഏറെ - സന്തുഷ്ട കുടുംബങ്ങൾ കുറവ്
* ജീവിതസൗകര്യങ്ങൾ ഏറെ - ജീവിക്കുന്നവർ ചുരുക്കം
* വിദഗ്ദന്മാർ ഏറെ പ്രശ്നങ്ങളും ഏറെ - പ്രശ്ന പരിഹാരം കുറവ്
* വീടുകൾക്കു മുറികൾ ഏറെ - കുടുംബത്തിൽ പാർക്കുന്നവർ ചുരുക്കം
* കുടുംബത്തിൽ വരുമാനമുള്ളവർ ഒന്നിലേറേ - വിധേയത്വമുള്ളവർ ചുരുക്കം
* അന്യഗ്രഹങ്ങളെക്കുറിച്ചുള്ള അറിവ് ഏറെ - അയല്ക്കാരെ അറിയുന്നവർ ചുരുക്കം

**(നിങ്ങളിൽ ഏറെയുള്ളതും കുറവുള്ളതും ചേർത്തെഴുതി ഈ പട്ടിക പൂർത്തിയാക്കുക)**

# ഗുണ്ടർട്ടിന്റെ ജീവിതാന്ത്യം

ബെഞ്ചമിൻ വർഗീസ്

***ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു.***

തന്നെ നിരന്തരമായി അലട്ടിക്കൊണ്ടിരുന്ന രക്താതിസാരത്തിന് ഒരു ശമനം ലഭിക്കുവാൻ താത്ക്കാലികമായി ഒന്ന് മാറിനിൽക്കുവാനാണ് ഗുണ്ടർട്ട് സ്വദേശത്തേയ്ക്ക് പോയത്. അതുകൊണ്ട് തന്നെ കുടുംബത്തെ ഈ യാത്രയിൽ തന്റെ കൂടെ കൂട്ടിയതുമില്ല. എന്നാൽ ദൈവഹിതം മറ്റൊന്നായിരുന്നു. ഗുണ്ടർട്ടിന് പിന്നീടൊരിക്കലും താനുറ്റു സ്നേഹിച്ചിരുന്ന മലയാള ദേശത്തേയ്ക്ക് മടങ്ങിവരാനായില്ല. ജർമനിയിലെത്തിയ ഉടൻ തന്നെ അദ്ദേഹം തന്റെ മക്കളെ സന്ദർശിക്കുകയുണ്ടായി. ഇന്ത്യയിലായിരുന്ന കാലയളവിലായിരുന്നല്ലോ തന്റെ പിതാവും, മകൾ ക്രിസ്ത്യാനയും ഇഹലോകവാസം പൂർത്തിയാക്കിയത്. എന്നാൽ ഇന്ത്യയിലേയ്ക്ക് മടങ്ങി പോകുവാൻ തയാറെടുത്തപ്പോഴാകട്ടെ മിഷനിൽ നിന്നും അനുകൂല മറുപടിയല്ല ലഭിച്ചത്. അന്നാട്ടുകാരെ മിഷൻ വേലയ്ക്കായി ഉത്സാഹിപ്പിക്കാൻ ഗുണ്ടർട്ടിന്റെ സാന്നിദ്ധ്യം ഉതകും എന്ന് മിഷൻ കരുതി. നിഘണ്ടുവിന്റെ പണിയിൽ ഏർപ്പെടാനുള്ള അനുവാദം തരാമെന്നും, പൂർണ്ണസൗഖ്യം വീണ്ടെടുക്കുമ്പോൾ വീണ്ടും ഇന്ത്യയിലേയ്ക്ക് മടക്കി അയക്കാമെന്നും അവർ വാഗ്ദത്തം ചെയ്തു. എന്നും അധികാരികളിൽ നിന്നുള്ള നിർദ്ദേശങ്ങളെ ദൈവികനിയോഗമായി കരുതിപ്പോന്ന ആ കർത്തൃദാസൻ ആ നിർദ്ദേശത്തെയും ഒട്ടേറെ മനോവിഷമത്തോടെയെങ്കിലും അനുസരിച്ചു.

ബാസൽ മിഷനുമായി അടുത്തിടപഴകിയിരുന്ന കാൽവർ ഫെർലഗ്സഖെരെൻസ് എന്ന പ്രസിദ്ധീകരണ സംഘത്തിന്റെ അധികാരിയായ ഡോ. കിസ്ത്യാൻ ഗോട്ട്ലോബ് ബാർത്ത് എന്ന വ്യക്തി തന്റെ സഹകാരിയായി പ്രവർത്തിക്കുവാൻ ഗുണ്ടർട്ടിനെ ക്ഷണിച്ചു. തന്റെ ഭാര്യയുടെ സമ്മതം ലഭിക്കുകയാണെങ്കിൽ വരാം എന്ന നിബന്ധനയോടെ ഗുണ്ടർട്ട് ആ ക്ഷണം സ്വീകരിച്ചു. ഗുണ്ടർട്ടിന്റെ ആരോഗ്യസ്ഥിതിയുടെ ഗൗരവം മനസിലാക്കിയ ജൂലിയയും അതിനു സമ്മതം മൂളി. ഇതോടെ കാര്യങ്ങൾ നാടകീയമായി മാറിമറിഞ്ഞു. സ്വിറ്റ്സർലന്റിലെ കാൽവിലായിരുന്നു അദ്ദേഹത്തിന്റെ പുതിയ നിയോഗം. 1860 ഏപ്രിൽ 10 ന് ഗുണ്ടർട്ട് കാൽവിലെത്തി. പിറ്റേന്ന് തന്നെ ഭാര്യ ജൂലിയയും മാറിയും (മകൾ) ബോംബെയിൽ നിന്നും യൂറോപ്പിനെ ലക്ഷ്യമാക്കി യാത്ര തുടങ്ങി. ഒരു മാസത്തിനു ശേഷം അവർ ഗുണ്ടർട്ടിനൊപ്പം ചേർന്നു. ഗുണ്ടർട്ട് തന്റെ മറ്റു മക്കളെയും കാൽവിലേയ്ക്ക് കൂട്ടിക്കൊണ്ടു വന്നു. അങ്ങനെ നാളുകൾക്ക് ശേഷം ഉണ്ടായ പുന:സംഗമം ആ കുടുംബത്തിന് എത്രയും ആഹ്ലാദദായകമായി.

ഗുണ്ടർട്ടിന്റെ സമയത്തിന്റെ മൂന്നിലൊന്ന് മലയാളഭാഷാ പരിശ്രമങ്ങൾക്കായി വിനിയോഗിക്കാൻ അദ്ദേഹത്തിന് അനുവാദം ലഭിച്ചു. ഈ കരാറിന്റെ പൂർണരൂപം ഇന്നും ലഭ്യമാണ്. 1862 ൽ ബാർത്ത് അന്തരിച്ചപ്പോൾ അദ്ദേഹത്തിനു പകരം സംഘത്തെ നയിക്കുവാനുള്ള നിയോഗവും ഗുണ്ടർട്ടിലെത്തിച്ചേർന്നു. തിരക്കേറിയ ജീവിതത്തിനിടയിലും അദ്ദേഹം മലയാളഭാഷാ പ്രവർത്തനം ഉത്സാഹത്തോടെ തുടർന്നു. പകൽസമയം ഓഫീസിലിരുന്ന് നിഘണ്ടുവിന്റെ പ്രവർത്തനത്തിലേർപ്പെട്ടെങ്കിൽ, രാത്രിയിൽ വേദപുസ്തകപരിഭാഷയ്ക്കായി അദ്ദേഹം സമയം കണ്ടെത്തി. ഇതോടൊപ്പം തന്നെ മറ്റു പല കൃതികളും ഗുണ്ടർട്ട് ഈ കാലയളവിൽ രചിച്ചിരുന്ന കാര്യം നാം മുമ്പൊരു ലക്കത്തിൽ കണ്ടിരുന്നുവല്ലോ. നിരവധി മിഷണറിമാരുടെ ചരിത്രവും അദ്ദേഹം പ്രസിദ്ധീകരിച്ചു.

ഗുണ്ടർട്ട് ഇന്ത്യയിലെത്തിയ കാലം മുതൽ ദ്രാവിഡ ഭാഷാധാതുക്കളെ ആധാരമാക്കിക്കൊണ്ടുള്ള മലയാള നിഘണ്ടുവിനായുള്ള ശ്രമം ആരംഭിച്ചതാണ്. ഇത് 1867 ലെ പെസഹാദിനത്തിൽ,

അതായത് അദ്ദേഹം ഈ ഉദ്യമം ആരംഭിച്ചിട്ട് ഏകദേശം കാൽ നൂറ്റാണ്ടിനു ശേഷം, അദ്ദേഹത്തിന് പൂർത്തിയാക്കാനായി. ഈ നിഘണ്ടുവിന്റെ നിർമാണത്തിനിടെ പല തടസങ്ങൾ അദ്ദേഹത്തിനു നേരിടേണ്ടതായി വന്നു. കൃതിയുടെ പത്തിലൊന്നോളം വരുന്ന ഭാഗത്തിന്റെ ആദ്യ രൂപരേഖ എലി കരണ്ടുകളഞ്ഞതായി അദ്ദേഹം എഴുതിയിട്ടുണ്ട്. അതിന്റെ രണ്ട് വാല്യങ്ങൾ ഇറ്റലിയിൽ വച്ച് ഏകദേശം ഒരുമാസത്തോളം ആരുടെയും ശ്രദ്ധയിൽപ്പെടാതെ കിടന്നുപോയിരുന്നു. അതും ദൈവകൃപയാൽ നഷ്ടമാകാതെ തിരികെ ലഭിച്ചു. മലയാള ഭാഷയുടെ വികാസത്തിൽ നിർണായകമായ സ്ഥാനം വഹിച്ച നിഘണ്ടുവിന്റെ കാര്യമാണിതെന്നോർക്കണം.


തന്റെ ജീവിത സായഹ്നത്തിൽ ജർമനിയിലെ ക്രൈസ്തവ, രാഷ്ട്രീയ മണ്ഡലങ്ങളിലെ സജീവ സാന്നിധ്യമായി ഗുണ്ടർട്ടിന് മാറാനായി. ഇതിനിടെ യോഹാനസ് ഹെസ്സെ ഗുണ്ടർട്ടിന്റെ പുത്രി മാറിയെ വിവാഹം ചെയ്തത് ഗുണ്ടർട്ടിന് വളരെ സഹായമായി ഭവിച്ചു. 1877 ജൂലൈ 13 ന് മാറി ഒരു ആൺ പൈതലിന് ജന്മം നൽകി. ഈ ശിശുവാണ് പിന്നീട് വിശ്വവിഖ്യാതനും നൊബേൽ ജേതാവുമായ ഹെർമൻ ഹെസെ. ഗുണ്ടർട്ട് ഇന്ത്യയിൽ നിന്നും മടങ്ങിപ്പോയതിനു ശേഷം ഇന്ത്യയിലെ വേലയ്ക്കായി സമർപ്പിതനായെത്തിയ മകൻ സാമുവേൽ 1880ൽ ആകസ്മികമായി മരണമടഞ്ഞു. ഗുണ്ടർട്ടിന് വ്യക്തിപരമായി വളരെ വേദനാജനകമായിരുന്നു ആ നിര്യാണം. ജൂലിയയാകട്ടെ 1885 ൽ അന്തരിച്ചു. ജീവിതാവസാനം വരെ ഗുണ്ടർട്ടിന്റെ ബാഹ്യജീവിതത്തിൽ മാത്രമല്ല ആധ്യാത്മികജീവിതത്തിലും ഒരു ഉത്തമപങ്കാളിയായിരുന്നു അവർ. ഗുണ്ടർട്ട് എന്ന അതികായനെ വാർത്തെടുക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചത് ജൂലിയയായിരുന്നു. അവരുടെ മരണശേഷം അധികം താമസിയാതെ ഗുണ്ടർട്ടും അവശനിലയിലായി. കർമനിരതനായിരിക്കുമ്പോൾ മരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹമെങ്കിലും അന്ത്യകാലത്ത് ചില വർഷങ്ങൾ അദ്ദേഹത്തിന് കിടക്കയിൽ ചിലവിടേണ്ടതായി വന്നു. ഇക്കാലയളവിൽ മകൾ മാറിയും, മകൻ ഫ്രഡറിക്കും അദ്ദേഹത്തെ സ്നേഹത്തോടെ ശുശ്രൂഷിച്ചു പോന്നു. ഗ്രീക്കുഭാഷയിൽ പുതിയനിയമം നിരന്തരം വായിച്ചുപോന്നു അദ്ദേഹം.

1893 ഏപ്രിൽ മാസത്തോടെ അദ്ദേഹത്തിന്റെ ആരോഗ്യം തീർത്തും വഷളായി. തനിക്കിനി അ

**കർമനിരതനായിരിക്കുമ്പോൾ മരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹമെങ്കിലും അന്ത്യകാലത്ത് ചില വർഷങ്ങൾ അദ്ദേഹത്തിന് കിടക്കയിൽ ചിലവിടേണ്ടതായി വന്നു. ഇക്കാലയളവിൽ മകൾ മാറിയും, മകൻ ഫ്രഡറിക്കും അദ്ദേഹത്തെ സ്നേഹത്തോടെ ശുശ്രൂഷിച്ചു പോന്നു. ഗ്രീക്കുഭാഷയിൽ പുതിയനിയമം നിരന്തരം വായിച്ചുപോന്നു അദ്ദേഹം.**

ധികം നാളുകൾ അവശേഷിക്കുന്നില്ലെന്ന് മനസിലാക്കിയ ഗുണ്ടർട്ട്, തന്റെ അന്തിമയാത്രയ്ക്കായി സ്വയം തയാറെടുത്തതു കൂടാതെ തന്റെ കുടുംബാംഗങ്ങളെ അതിനായൊരുക്കുകയും ചെയ്തു. തന്റെ കൊച്ചുമക്കളുടെ സ്ഥിരീകരണത്തെ പരാമർശിച്ചുകൊണ്ട് ഏപ്രിൽ 8 ാം തിയതിയെഴുതിയ കുറിപ്പാണ് അദ്ദേഹത്തിന്റെ ഡയറിയിലെ അവസാനത്തേത്. ഏപ്രിൽ 25 ചൊവ്വാഴ്ച, ജൂലിയയുടെ മരണത്തിന് 7 വർഷവും, 7 മാസവും 7 ദിവസവും പിന്നിട്ട ദിവസത്തിൽ ഗുണ്ടർട്ട് തന്റെ 79 ാം വയസിൽ താൻ പ്രിയം വെച്ച കർത്താവിനോട് ചേർന്നു. രണ്ട് ദിവസത്തിനു ശേഷം ഏപ്രിൽ 27 ന് അദ്ദേഹത്തിന്റെ ഭൗതികശരീരം കാൽവിലെ കുടുംബക്കല്ലറിയിൽ സംസ്കരിച്ചു. ഗുണ്ടർട്ടും, ഭാര്യ ജൂലിയയും അന്ത്യനിദ്ര കൊള്ളുന്ന ഈ ശവകുടീരങ്ങൾ ഇന്നും ഭംഗിയോടെ പരിപാലിച്ചു പോരുന്നു. ക്രൈസ്തവകൈരളിക്കും മലയാളഭാഷയ്ക്കും ഗുണ്ടർട്ട് ചെയ്ത സംഭാവനകൾ നിസ്തുല്യമാണ്. ഇന്നും കേരളം അദ്ദേഹത്തെ നന്ദിയോടെ സ്മരിക്കുന്നതിനു കാരണം നമ്മുടെ ഭാഷയോടും ജനതയോടും കാട്ടിയ അർപ്പണബോധവും നിർവ്യാജസ്നേഹവും മൂലമാണ്. ഒരു മിഷണറി എങ്ങനെയായിരിക്കേണമെന്ന് സ്വജീവിതത്തിലൂടെ അദ്ദേഹം വെളിപ്പെടുത്തിത്തന്നു. അങ്ങനെ ആ ജീവിതവും ദർശനവും ഇന്നും നാമറിഞ്ഞും അറിയാതെയും നമ്മെ സ്വാധീനിച്ചുപോരുന്നു. അദ്ദേഹത്തിന്റെ ഓർമ നിറഞ്ഞുനിൽക്കുന്ന ഇല്ലിക്കുന്നിലെ ബംഗ്ലാവ്, ഇന്ന് കേരളസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു മ്യൂസിയമാണ്. ആ മഹാനുഭാവന്റെ സംഭാവനകൾക്ക് നേരിട്ടുള്ള അംഗീകാരമാണ് വളരെ സൂക്ഷ്മതയോടും മികവോടും കൂടി ക്രമീകരിക്കപ്പെട്ടിരിക്കുന്ന ആ മ്യൂസിയം. ●





ജെസ്സി സാജു

# പീഡനങ്ങളിൽ തളരാതെ...

**ക**ഴിഞ്ഞ പല ലക്കങ്ങളിലായി നമ്മുടെ തലമുറകളുടെ ആത്മീക കാര്യങ്ങളെപ്പറ്റി നാം ചിന്തിച്ചുവല്ലോ. എന്നാൽ ഇന്ന് മറ്റൊരു വിഷയമാണ് എഴുതാനായി പരിശുദ്ധാത്മാവ് പ്രേരിപ്പിക്കുന്നത്. അത് മറ്റൊന്നുമല്ല, ഇന്ത്യയിലെ, പ്രത്യേകിച്ച് വടക്കേ ഇന്ത്യയിലെ ക്രിസ്തീയ സഭകൾക്ക് നേരെയുണ്ടാകുന്ന എതിർപ്പുകളെക്കുറിച്ചാണ്. സുവിശേഷകർക്കും പാസ്റ്റർമാർക്കും സാമുദായിക സഭകളിലെ പട്ടക്കാർക്കും മിഷനറി മാർക്കും വിരോധമായി മതതീവ്രവാദികളും രാഷ്ട്രീയക്കാരും തിരിഞ്ഞിരിക്കുന്നു എന്നത് നാം തിരിച്ചറിയേണ്ട കാലമാണിത്. പൗലോസ് എഫേസ്യർക്കു ലേഖനം എഴുതുന്ന കാലഘട്ടത്തിൽ ഇത് ദുഷ്ക്കാലം ആകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ (എഫേസ്യർ 5:16) എന്ന് പറയുന്നു. നമ്മുടെ ജീവിതത്തെ ക്രമീകരിച്ച് വിശുദ്ധിയിൽ ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് അവിടെ പറയുന്ന തെങ്കിലും, ദുഷ്ക്കാലം എന്നത് ഇന്നത്തെ പീഡാ കാലയളവുമായി ബന്ധപ്പെടുത്തി പറയുന്നതിലും തെറ്റില്ല. അതെ, കാലഘട്ടത്തെ വിവേചിക്കേണ്ടത് അത്യാവശ്യം ആയിരിക്കുന്നു. സുവിശേഷവേലക്കാർ ഭീതിയുടെ മുൾമുനയിലാണ്. വളരെ വില കൊടുക്കേണ്ട ഒരു സമയമാണിത്. അവർക്ക് നമ്മുടെ പ്രാർത്ഥന ഏറ്റവും അധികം ആവശ്യമാ കയാൽ ഓരോരുത്തരുടെയും വിലയേറിയ പ്രാർത്ഥന അഭ്യർത്ഥിക്കു കയാണ്. സെബുലൂൻ പ്രാണനെ ത്യജിച്ച ജനം, നഫ്താലി പോർക്കള മേടുകളിൽ തന്നെ (ന്യായാധിപന്മാർ 5:18,19).

വടക്കേ ഇന്ത്യയിൽ പലപ്പോഴും സുവിശേഷകർ യുദ്ധക്കളത്തിൽ പോരാടുകയാണ്. അവർക്കു വേണ്ടി പ്രാർത്ഥനയിൽ പോരാടുക എന്നത് തീർച്ചയായും നമ്മുടെ ഉത്തരവാദിത്വമാണ്. പ്രാർത്ഥനയിൽ പോരാടുക എന്ന വാക്കിൽത്തന്നെ അതിന്റെ അർത്ഥം ഉണ്ടല്ലോ. അതും യുദ്ധം തന്നെയാണ്. നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ(എഫസ്യർ 6:12)

**വടക്കേ ഇന്ത്യയിൽ പലപ്പോഴും സുവിശേഷകർ യുദ്ധക്കളത്തിൽ പോരാടുകയാണ്. അവർക്കു വേണ്ടി പ്രാർത്ഥനയിൽ പോരാടുക എന്നത് തീർച്ചയായും നമ്മുടെ ഉത്തരവാദിത്വമാണ്. പ്രാർത്ഥനയിൽ പോരാടുക എന്ന വാക്കിൽത്തന്നെ അതിന്റെ അർത്ഥം ഉണ്ടല്ലോ.**

ദൈവവചനം ഘോഷിക്കുന്നവർക്ക് എതിരായി ഉയരുന്ന എല്ലാ പീഡകളും, വ്യക്തികളോടുള്ള പകയോ വിദ്വേഷമോ വൈരാഗ്യമോ ഉണ്ടാക്കുവാൻ വേണ്ടി അല്ല. നമ്മെ പകയ്ക്കുന്നവരെയും പീഡിപ്പിക്കുന്നവരെയും സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആണ് ദൈവം ആഗ്രഹിക്കുന്നത്. സ്നേഹം മാത്രമാണ് നമ്മുടെ ആയുധം. സ്നേഹംകൊണ്ട് മാത്രമേ നമുക്ക് അവരെ കീഴ്പ്പെടുത്തുവാൻ കഴിയുകയുള്ളൂ. നമ്മെ ഉപദ്രവിക്കുന്നവരെ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ജഡവും രക്തവുമുള്ള മനുഷ്യരോടല്ല നമ്മുടെ യുദ്ധം. നമ്മുടെ പീഡകരോട് പോലും യുദ്ധം ചെയ്യുവാൻ ദൈവം നമ്മെ അനുവദിക്കുന്നില്ല. യുദ്ധം യഹോവയ്ക്കുള്ളതാകുന്നു. അവിടുന്ന് നമുക്ക് വേണ്ടി യുദ്ധം ചെയ്യട്ടെ. നാം പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രവർത്തിക്കുന്നു. അതുകൊണ്ട് പ്രാർത്ഥനയാണ് ഇവിടെ ഏറ്റവും അത്യാവശ്യം.

പീഡകൾ വരുമ്പോൾ നാം നമ്മുടെയും പ്രത്യേകിച്ച് സുവിശേഷകരുടെയും തലമുറയെ ഓർത്ത് പ്രാർത്ഥിക്കണം. ഒരുപക്ഷേ നമുക്ക് ലഭിച്ച ആത്മീയ കാഴ്ചപ്പാട് നമ്മുടെ തലമുറകൾക്ക് ഉണ്ടായെന്ന് വരികയില്ല. ഇത്തരം പ്രതികൂല സാഹചര്യങ്ങളിൽ അവർ ദൈവകൃപയിൽ നിന്ന് അകന്നു പോകാനും സാധ്യതയുണ്ട്. തങ്ങളുടെ മാതാപിതാക്കൾ ചെറുപ്പത്തിലേ എല്ലാ ജീവിതസൗകര്യങ്ങളും സുഖങ്ങളും വെടിഞ്ഞ്, വടക്കേ ഇന്ത്യയുടെ ഊഷരഭൂമിയിൽ അതിശൈത്യവും അതിഭയങ്കര ചൂടും മാറിമാറി അനുഭവിച്ച്, സ്വജനങ്ങളെയും മാതാപിതാക്കളെയും വിട്ട്, ദൈവത്തെ മാത്രം മുമ്പിൽ കണ്ട് ഇറങ്ങിയവരുടെ ജീവിതത്തിൽ ഇങ്ങനെയുള്ള പ്രതിസന്ധികളെ നേരിടുമ്പോൾ ഉണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങൾ വലുതാണ്. അത് ഇന്നത്തെ തലമുറയെ പ്രത്യേകം ചിന്തിപ്പിക്കും. ദൈവത്തിനു വേണ്ടി ഇറങ്ങിയിട്ട് എന്തുകൊണ്ട് എന്റെ ഭവനത്തിൽ ഇങ്ങനെയൊക്കെ സംഭവിക്കുന്നു എന്ന ചോദ്യം സ്വാഭാവികമാണ്.

യഥാർത്ഥ ക്രിസ്തീയപ്രവർത്തനങ്ങൾ എങ്ങനെ ആയിരുന്നെന്നു നമുക്ക് ചരിത്രത്തിലേക്ക് നോക്കിയാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. യേശുക്രിസ്തു നമുക്ക് പകരമായി മരിച്ചു, അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റു, അവിടുന്ന് തന്റെ

**ദൈവത്തെ മാത്രം മുമ്പിൽ കണ്ട് ഇറങ്ങിയവരുടെ ജീവിതത്തിൽ ഇങ്ങനെയുള്ള പ്രതിസന്ധികളെ നേരിടുമ്പോൾ ഉണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങൾ വലുതാണ്. അത് ഇന്നത്തെ തലമുറയെ പ്രത്യേകം ചിന്തിപ്പിക്കും. ദൈവത്തിനു വേണ്ടി ഇറങ്ങിയിട്ട് എന്തുകൊണ്ട് എന്റെ ഭവനത്തിൽ ഇങ്ങനെയൊക്കെ സംഭവിക്കുന്നു എന്ന ചോദ്യം സ്വാഭാവികമാണ്.**

ശിഷ്യന്മാർക്ക് വീണ്ടും പ്രത്യക്ഷപ്പെട്ടു. ഭയചകിതരായി അടച്ചിട്ട മുറിയിൽ ഒതുങ്ങിക്കൂടിയ ശിഷ്യന്മാരെ അവിടുന്ന് തന്റെ തുളയ്ക്കപ്പെട്ട വിലാപ്പുറവും, ആണി അടിക്കപ്പെട്ട കൈകളും കാണിച്ചു. എന്നിട്ടു നിങ്ങൾക്ക് സമാധാനം എന്ന് പറഞ്ഞു. തീർത്തും മനസ്സിലാക്കാൻ പറ്റാത്ത ഒരുകാര്യമാണിത്. പ്രത്യക്ഷമായും പരോക്ഷമായും അവിടുന്ന് അവരോട് പറയുന്നത്, ക്രിസ്തീയ ജീവിതവും പ്രേക്ഷിതപ്രവർത്തനവും ചങ്കു തുളക്കപ്പെടേണ്ടതും കൈകളിൽ ആണി അടിക്കപ്പെടേണ്ടതും പീഡിപ്പിക്കപ്പെടേണ്ടതും ഒക്കെ എന്നാണ്. യഥാർത്ഥ ക്രിസ്തീയമാർഗം ഇങ്ങനെയാണ്. എന്നിട്ടാണ് നിങ്ങൾ ഭൂലോകമൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ എന്ന് അവരോട് പറയുന്നത്. അതുകൊണ്ടുതന്നെ ഇങ്ങനെയുള്ള പീഡകൾ ഏവരും ഏതുസമയത്തും പ്രതീഷിക്കേണ്ടതാണ്. എന്നാൽ ഈ പീഡകൾ ഭയപ്പെടാൻ ഉള്ളതല്ല, സമാധാനപ്പെടാൻ ഉള്ളതാണ്. യേശുവിന്റെ ശിഷ്യന്മാർ എല്ലാവരും തന്നെ രക്തസാക്ഷികളായാണ് മരിച്ചത്. തുടർന്നുള്ള ചില നൂറ്റാണ്ടുകൾ ആയിരക്കണക്കിന് പ്രേക്ഷിതപ്രവർത്തകരും, ക്രിസ്തീയ വിശ്വാസികളും യേശുവിന്റെ മാർഗം സ്വീകരിച്ചതിനാൽ രക്തസാക്ഷികളായി മരിക്കേണ്ടി വന്നു.

സുവിശേഷത്തിൽ സമാധാനമാണ് പ്രസംഗിക്കുന്നത്, എങ്കിലും വാളാണ് പ്രതീക്ഷിക്കേണ്ടത്. എന്നാൽ നിത്യതയുടെ ദർശനത്തിൽ നാം ഇവയെ കാണുമ്പോൾ ആ സമാധാനം നമുക്ക് ഇവിടെ അനുഭവിക്കാൻ കഴിയും. ക്രിസ്തു നിമിത്തം പീഡ അനുഭവിക്കുന്ന ക്രിസ്ത്യാനികൾക്ക്

അവരുടെ പ്രതിഫലം വലുതാണ്. അത് ഇന്നു നമുക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും നിത്യതയിൽ ചെല്ലുമ്പോൾ മാത്രമേ അതിന്റെ മഹത്വം നാം മനസ്സിലാക്കുകയുള്ളൂ.

ഈ ഭൂമിയിൽ ഏത് ജോലി ചെയ്താലും അതിന്റെ പ്രതിഫലവും പെൻഷനും ഒക്കെ മരണത്തോടെ തീരും. എന്നാൽ ദൈവവേലയുടെ മഹത്വം മരണാനന്തരം ലഭിക്കുന്ന മഹത്വമാണ്. അതു നമ്മുടെ തലമുറ മനസ്സിലാക്കുകയാണെങ്കിൽ അവരിപ്പോൾ അനുഭവിക്കുന്ന ആത്മനിന്ദയും പരിഹസിക്കപ്പെടലും ഒറ്റപ്പെടലും ഒക്കെ നിത്യതേജസിന്റെ ഘനമായി മാറും. അങ്ങനെ നാം നമ്മുടെ തലമുറയ്ക്ക് നിത്യതയിൽ ലഭിക്കാൻ പോകുന്ന മഹത്വവും മാനവും പുകഴ്ചയും ഒക്കെ മനസ്സിലാക്കി കൊടുക്കണം. ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠമായ ഉന്നതപദവിയിൽ ആയാൽ പോലും നിത്യതയിൽ അതിന് യാതൊരു വിലയുമില്ലെന്നും, ഇവിടെ നാം എത്രമാത്രം യേശുക്രിസ്തുവിന്റെ നാമം നിമിത്തം കഷ്ടത അനുഭവിക്കുന്നുവോ അത്രത്തോളം, നിത്യതയിൽ അതിനു വലിയ സ്ഥാനമാണെന്നും നാം മനസ്സിലാക്കണം.

നമ്മുടെ വേദഭാഗത്ത് സെബൂലൂൻ പ്രാണനെ ത്യജിച്ച ജനമായും, നഫ്താലി പോർക്കള മേടുകളിൽ തന്നെ എന്നും നാം വായിക്കുന്നു. എങ്കിലും സെബൂലൂന്റെയും നഫ്താലിയുടെയും സഹോദരങ്ങളായ ബാക്കിയുള്ളവർ വിവിധ സ്ഥലങ്ങളിലാണ്. അവരാരും ഈ യുദ്ധഭൂമിയിലോ പോർക്കള മേടുകളിലോ അല്ല. ന്യായാധിപന്മാർ അഞ്ചാം അധ്യായം യുദ്ധം ജയിച്ചു വന്ന ദബോരയുടെയും ബാരക്കിന്റെയും ഗാനമാണ്. അതേസമയം രൂബേൻ നീർച്ചാലുകൾക്ക് അരികിൽ ഘനമേറിയ മനോനിർണയങ്ങൾ ഉണ്ടാക്കി ആശ്വസിക്കുകയാണ്(ന്യായാധിപന്മാർ 5:15,16). അവൻ ആട്ടിൻ കൂട്ടങ്ങൾക്കരികെ കുഴലൂത്ത് കേൾക്കാൻ തൊഴുത്തുകൾക്കിടയിൽ പാർക്കുകയാണ്. ഗിലയാദ് പാർക്കുന്നത് യോർദാന്റെ അരികെയാണ്. അവനും സുഖവാസ കേന്ദ്രത്തിൽ തന്നെയാണ്. ദാൻ കപ്പലുകൾക്ക് അരികെയാണ് താമസിക്കുന്നത്. അവനും സുഖത്തിന് ഒട്ടും കുറവില്ല. ആശേറിന്റെ താമസവും സമുദ്രതീരത്ത് തന്നെ. അവനും സുഖിക്കുകയാണ്. സഹോദരൻ യുദ്ധക്കളത്തിൽ ആണെങ്കിലും ആശേർ അനങ്ങാതെ സമുദ്രതീരത്ത് പാർക്കുകയാണ്. ഇത് വലിയൊരു പാഠമാണ് നമ്മെ പഠിപ്പിക്കുന്നത്. സഹോദരങ്ങൾ

**ആശങ്കകളോ ഉത്ക്കണ്ഠകളോ ഒന്നും സഹോദരിമാരെ പിന്തിരിപ്പിച്ചില്ല. ഇത് സഹോദരിമാരായ നമുക്ക് ഹൃദയവേദനയോടെ, ഉപദ്രവങ്ങൾ നേരിടുന്ന നമ്മുടെ സഹോദരങ്ങൾക്കായി പ്രാർത്ഥിക്കുവാൻ പ്രചോദനം ഏകുന്നതാണ്. എത്ര വലിയ പീഡ നേരിട്ടാലും മഹാപ്രതിഫലം ഉള്ള ധൈര്യം തള്ളിക്കളയാതെ ക്രിസ്തുവിനെ മുറുകെ പിടിച്ചു മുന്നേറാം.**

യുദ്ധം ചെയ്താലും പോർക്കളമേടുകളിൽ മരണപ്പെട്ടാലും അത് നമ്മെ ബാധിക്കുന്നില്ല. അതാണ് ഈ തലമുറ കണ്ട ഏറ്റവും വലിയ വഞ്ചന. അതുകൊണ്ടാണ് നാം കാലഘട്ടത്തെ വിവേചിക്കേണം എന്ന് പറയുന്നത്. ഇത് ദുഷ്ക്കാലമാകയാൽ നമ്മുടെ ഇന്നത്തെ ചിന്തയുടെ അടിസ്ഥാനത്തിൽ ഇത് യുദ്ധകാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിക്കണം. നാം ജാഗ്രത ഉള്ളവരാകണം. യേശു ക്രൂശിലതിവേദന അനുഭവിക്കുമ്പോൾ യേശുവിനെ പിന്തുടർന്നവരും തങ്ങളുടെ വസ്തുവകകൾ കൊണ്ടു യേശുവിനെ ശുശ്രൂഷിച്ചവരുമായ സഹോദരിമാരിൽ ചിലർ യേശുവിന്റെ ക്രൂശിനരികെ വിട്ടുപിരിയാതെ നിന്നിരുന്നു. അതുപോലെ തന്നെ താൻ ഉയിർത്തെഴുന്നേറ്റ ദിവസം അതികാലത്തു ഇരുട്ടുള്ളപ്പോൾത്തന്നെ ഇവർ കല്ലറക്കൽ നിർഭയരായി എത്തിച്ചേർന്നു. ആശങ്കകളോ ഉത്ക്കണ്ഠകളോ ഒന്നും അവരെ പിന്തിരിപ്പിച്ചില്ല. ഇത് സഹോദരിമാരായ നമുക്ക് ഹൃദയവേദനയോടെ, ഉപദ്രവങ്ങൾ നേരിടുന്ന നമ്മുടെ സഹോദരങ്ങൾക്കായി പ്രാർത്ഥിക്കുവാൻ പ്രചോദനം ഏകുന്നതാണ്. എത്ര വലിയ പീഡ നേരിട്ടാലും മഹാപ്രതിഫലം ഉള്ള ധൈര്യം തള്ളിക്കളയാതെ ക്രിസ്തുവിനെ മുറുകെ പിടിച്ചു മുന്നേറാം. ഓർക്കുക... ക്രിസ്തീയ ജീവിതം യുദ്ധഭൂമിയാണ്. ഇവിടെ ജയിച്ചു മുന്നേറുന്നവരാകാം.

•



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# ദൈവിക ചിന്തകളും മാനുഷിക ചിന്തകളും

*അന്നുമുതൽ യേശു താൻ യെരൂശലേമിൽ ചെന്നിട്ട്, മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കയും വേണ്ടത് എന്നു ശിഷ്യന്മാരോടു പ്രസ്താവിച്ചു തുടങ്ങി. പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോയി: കർത്താവേ, അത് അരുതേ; നിനക്ക് അങ്ങനെ ഭവിക്കരുതേ എന്നു ശാസിച്ചുതുടങ്ങി. അവനോ തിരിഞ്ഞു പത്രൊസിനോട്: സാത്താനേ, എന്നെ വിട്ടു പോ; നീ എനിക്ക് ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നത് എന്നു പറഞ്ഞു. പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞത്: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും. ഒരു മനുഷ്യൻ സർവലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും? മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും. മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മത്തായി 16: 21 28)*

യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്ന് ശിഷ്യന്മാരുടെ പ്രതിനിധിയായി പത്രോസ് ഏറ്റുപറഞ്ഞ അന്നുമുതൽ യേശുകർത്താവ് തന്റെ ക്രൂശീകരണത്തെക്കുറിച്ച് ശിഷ്യന്മാരോട് സംസാരിക്കുവാൻ തുടങ്ങി. യെരുശലേമിൽ ചെല്ലുമ്പോൾ മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും ഒക്കെ ചേർന്ന് തന്നെ അറസ്റ്റ് ചെയ്തു പീഡിപ്പിക്കുകയും ക്രൂശിക്കുകയും ചെയ്യും എന്നത് കർത്താവ് വളരെ വ്യക്തമായിത്തന്നെ ശിഷ്യന്മാരോട് പറഞ്ഞു. മൂന്നാം ദിവസം താൻ ഉയിർത്തെഴുന്നേൽക്കും എന്നുള്ളതും കർത്താവ് അവരോട് പറഞ്ഞു. എന്നാൽ ശിഷ്യന്മാർക്ക് ദൈവത്തിന്റെ കർമ്മ പദ്ധ

തിയെയും യേശു വെളിപ്പെടുത്തിയ അതിപ്രധാന കാര്യങ്ങളെയും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല.

യേശുവിനെ ക്രിസ്തുവായി അഥവാ അവരുടെ മശിഹ ആയി അവർ തിരിച്ചറിഞ്ഞു. യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്നും അവർക്ക് ബോധ്യമായി. എന്നാൽ ക്രിസ്തുവിന്റെ ദൗത്യം അഥവാ പാപികളായ മനുഷ്യരെ രക്ഷിക്കുവാൻ അവിടുന്ന് എന്താണ് ചെയ്യുവാൻ പോകുന്നു എന്നത് അവർക്ക് മനസ്സിലായില്ല. അതുകൊണ്ടാണ് ക്രൂശീകരണത്തിന്റെ അത്യാവശ്യവും പ്രാധാന്യതയും മഹത്വവും അവർക്ക് തിരിച്ചറിയുവാൻ കഴിയാതെ പോയത്. ഇന്നും ക്രിസ്തുവിൽ വിശ്വസിക്കുകയും തന്റെ മരണവും പുനരുത്ഥാനവും ഒക്കെ അംഗീകരിച്ച് ഏറ്റുപറയുകയും ചെയ്യുന്നവർ എല്ലാം അവിടുത്തെ മരണത്തിന്റെ അർത്ഥവും വ്യാപ്തിയും, ആ ത്യാഗത്തിന്റെ വിലയും നന്നായി മനസ്സിലാക്കുന്നുണ്ടോ എന്നത് ഒരു ചോദ്യചിഹ്നമാണ്. അത് മനസ്സിലാക്കുന്നവരെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും വേർപിരിക്കുവാൻ ആർക്കും, ഒന്നിനും കഴിയുകയില്ല.

യേശു താൻ അനുഭവിക്കുവാൻ പോകുന്ന പങ്കപ്പാടുകളും ക്രൂശീകരണവും മുൻകൂട്ടി പറഞ്ഞപ്പോൾ പത്രോസ് പറയുന്നത്: കർത്താവേ അത് അരുതേ, നിനക്ക് അങ്ങനെ ഭവിക്കരുത് എന്നാണ്. പത്രോസിന്റെ ഈ ചിന്ത മാനുഷികമായിരുന്നു. കർത്താവിന്റെ ചിന്ത ദൈവികവും. ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണമാണ് ദൈവീക ചിന്തയുടെ ആകത്തുക. ജീവിതസുഖവും സൗഖ്യവും ആണ് മനുഷ്യ ചിന്തയുടെ സത്ത. കഷ്ടതകൾ ഇല്ലാത്ത ഒരു ജീവിതമാണ് പത്രോസിന്റെ സ്വപ്നം. ദൗത്യത്തിന്റെ പൂർത്തീകരണത്തിന് വേണ്ടി ഏതു ത്യാഗം ചെയ്യുവാനും കഷ്ടതകൾ സഹിക്കുവാനും ഇഷ്ടപ്പെടുന്നത് ആണ് യേശു ചിന്തിച്ചത്. ഇത് നമ്മെ ഓരോരുത്തരെയും ചിന്തിപ്പിക്കേണ്ടതാണ്. നമ്മുടെ ചിന്തകൾ ദൈവികമോ, അതോ മാനുഷികമോ? മനുഷ്യരായ നമുക്ക് മാനുഷികമായതല്ലേ ചിന്തിക്കുവാൻ കഴിയൂ? എന്നാൽ യേശുക്രിസ്തുവിൽക്കൂടി പുതിയ ജനനം പ്രാപിച്ചിരിക്കുന്ന നമുക്ക് ദൈവീക ചിന്തകൾ ഏറ്റെടുക്കുവാൻ കഴിയണം. ദൈവത്തിന്റെ ഹിതം തികയ്ക്കുക എന്നത് നമ്മുടെ ജീവിത ലക്ഷ്യമായിരിക്കണം.

യേശുകർത്താവ് പത്രോസിനെ ശാസിക്കുന്നു. സാത്താനെ, എന്നെ വിട്ടു പോകൂ നീ എനിക്ക് ഇടർച്ച ആകുന്നു എന്നു പറഞ്ഞു. ഒരു നിമിഷത്തേക്ക് ആണെങ്കിലും ഉത്തമ ശിഷ്യൻ ഇതാ, സാത്താന്റെ സ്വാധീനത്തിലായിരിക്കുന്നു. നാം മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യം ഇവിടെയുണ്ട്. മാനുഷിക ചിന്ത സാത്താന്യമാണ്. പാപത്തിൽ വീണുപോയ മനുഷ്യന്റെ ചിന്ത സ്വാർത്ഥതയിൽ നിന്നും ഈ ലോകത്തിലെ ജീവിത സുഖവും സൗകര്യവും മാത്രം ലാക്കാക്കി ഉള്ളതുമാണ്. ലോകത്തിലെ നേട്ടങ്ങളാണ് മനുഷ്യന്റെ സ്വപ്നം.

ദൈവത്തിന് എതിരാളിയായി പ്രവർത്തിക്കുന്നവനാണ് പിശാച്. ദൈവത്തിന്റെ ഇഷ്ടത്തിന് എതിരായുള്ളതെല്ലാം സാത്താന്യമാണ്. ദൈവത്തിന്റെ വഴിയിൽ നിന്ന് വ്യതിചലിക്കുന്നവരെല്ലാം സാത്താന്റെ കൂട്ടാളികളായി മാറുന്നു. അതിനാൽ തത്വത്തിൽ ദൈവത്തിന്റെ വഴിയിൽ നിന്ന് വ്യതിചലിക്കുന്നവരെല്ലാം ഓരോ പിശാചുക്കൾ തന്നെയാണ്. അതുകൊണ്ടാണ് കർത്താവ് സാത്താനെ എന്ന് പത്രോസിനോട് പറഞ്ഞത്. അത് യാഥാർത്ഥ്യമാണ്. മനുഷ്യൻ കോപത്തിൽ നിന്ന് പിശാച് എന്ന അപരനെ വിളിക്കുന്നത് പോലെ അല്ലായിരുന്നു അത്.

നിങ്ങളിൽ ഒരുവൻ ഒരു പിശാചാണ്( യോഹന്നാൻ 6 :70) എന്നു കർത്താവ് യൂദായെക്കുറിച്ച് പറഞ്ഞിട്ടുണ്ടല്ലോ. യൂദ എങ്ങനെയാണ് പിശാച് ആയത്? യേശുവിനെ ഒറ്റിക്കൊടുക്കുവാനുള്ള പിശാചിന്റെ ആലോചന ഉള്ളിൽ സ്വീകരിച്ച് അവൻ പിശാചിന്റെ കൂട്ടാളിയായി മാറി. ദൈവം സർവ്വശക്തനായ സൃഷ്ടികർത്താവാണ്. അതുകൊണ്ട് ആർക്കും ദൈവമാകുവാൻ പറ്റില്ല, യേശു ആകുവാനും പറ്റില്ല. കർത്താവിന്റെ സ്വഭാവത്തോട് അനുരൂപരാകാം. വീണു പോയ ദൂതന്മാരാണ് പിശാചുക്കളായി പരിണമിച്ചത്. അതുകൊണ്ട് ഏത് സൃഷ്ടിക്കും ദൈവത്തിന്റെ എതിരാളിയായി, പിശാചായി മാറാം. പിശാചിനും അവന്റെ കൂട്ടാളികൾക്കും ഒരുക്കിയിട്ടുള്ളതാണ് നരകം ( മത്തായി 25: 41)

തന്നെ അനുഗമിക്കേണ്ടവർ എങ്ങനെയുള്ളവർ ആയിരിക്കണം എന്നത് യേശുകർത്താവ് വ്യക്തമാക്കുന്നു. പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞത്: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ (മത്തായി 16 :24). സ്വന്തം ഇഷ്ടത്തെ ത്യജിച്ച് ദൈവേഷ്ടം ചെയ്യുവാൻ ഏൽപ്പിച്ചു കൊടുക്കുന്നവർക്കേ കർത്താവിനെ അനുഗമിക്കുവാൻ കഴിയൂ. കർത്താവ് നടന്ന പാത പിതാവിന്റെ ഇഷ്ടം ചെയ്യുന്ന അനുസരണത്തിന്റെ പാതയാണ്. കുരിശിൽ നമുക്കായി തന്റെ ജീവനെ നൽകി പിതാവിന്റെ ഇഷ്ടം അവിടുന്ന് പൂർത്തീകരിച്ചു. ആ കർത്താ

വിനെ പിൻഗമിക്കേണ്ടത് നമ്മുടെ ജീവൻ യേശുവിനായി നൽകി ക്കൊണ്ടാണ്. ആ വലിയ സമർപ്പണത്തിന്റെ പ്രതീകമാണ് നമ്മുടെ ക്രൂശ്. കഷ്ടമോ നഷ്ടമോ നിന്ദയോ പരിഹാസമോ ഒറ്റപ്പെടുത്തലോ എന്തെല്ലാം വന്നാലും പിന്മാറാതെ കർത്താവിനെ അനുഗമിക്കുവാൻ സമർപ്പണവും തീരുമാനവും ഉള്ളവർക്ക് മാത്രമേ കർത്താവിന്റെ ശിഷ്യരാകുവാൻ കഴിയൂ.

ഈ ലോകചിന്തയിൽ സ്വന്തനിലനിൽപ്പിനു വേണ്ടി ജീവൻ രക്ഷിക്കുവാൻ പാടുപെടുന്നവരെല്ലാം ദു:ഖിതരാകും. അവർക്ക് എല്ലാം നഷ്ടമാകും. എന്നാൽ കർത്താവിനും തന്റെ സുവിശേഷത്തിനുംവേണ്ടി ജീവൻ നഷ്ടപ്പെടുത്തുവാൻ സമർപ്പണവും ധൈര്യവും ഉള്ളവർ തങ്ങളുടെ ജീവനെ നേടും. അവർ നിത്യജീവൻ പ്രാപിച്ച് കർത്താവിനോട് കൂടെ നിത്യയുഗങ്ങൾ വാഴും.

ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ജീവൻ നഷ്ടപ്പെടുത്തിയയാൾ അവന് പ്രയോജനം എന്ത്? ഇത് നമ്മെ നന്നായി ചിന്തിപ്പിക്കേണ്ടതാണ്. ഈ ജീവിതത്തിൽ നമുക്ക് അത്യാവശ്യമായി നേടേണ്ടത് എന്താണ്? സർവ്വലോകമോ? അതോ സ്വന്തം ആത്മാവിനെയോ? സ്വന്തം ജീവൻ നേടണമെങ്കിൽ അതിനെ കർത്താവിനായി ചെലവഴിക്കണം. നമ്മുടെ ജീവിതവും എല്ലാ വിഭവങ്ങളും കർത്താവിനായി തന്റെ സുവിശേഷത്തിനായി ചെലവിടാൻ ഉള്ളതാണ്. അപ്പോൾ മാത്രമേ ജീവിതം ലക്ഷ്യമുള്ളതായി തീരുന്നുള്ളൂ.

നഷ്ടപ്പെടുവാനുള്ളതിനായി ജീവിതം ചെലവഴിക്കുന്നത് ഭോഷത്തം അല്ലേ? നിലനിൽക്കുന്നത് നേടുവാൻ ജീവിതം തന്നെ നഷ്ടപ്പെടുത്തിയാലും അത് ഏറ്റവും വലിയ ബുദ്ധി ആയിരിക്കും. കർത്താവ് മടങ്ങി വരുമ്പോൾ എല്ലാവരുടെയും ജീവിതവും പ്രവർത്തികളും അവിടുന്ന് പരിശോധിക്കും. ഓരോരുത്തരോടും കണക്ക് തീർക്കും.അവരവരുടെ പ്രവർത്തികൾക്ക് തക്കവണ്ണം പകരം നൽകും. അന്ന് ക്രിസ്തുവിൽ നിന്ന് ബഹുമാനവും പ്രതിഫലവും, ഏറ്റുവാങ്ങുവാൻ യോഗ്യത നേടേണ്ടതിന്, ദൈവ ഇഷ്ടം ചെയ്യുവാൻ നമുക്ക് സമർപ്പിക്കാം. കർത്താവിനായി നമുക്ക് ചിലവായിപ്പോകാം. മാനുഷിക ചിന്തകളെ വെടിഞ്ഞ് ദൈവീക ചിന്തകളെ നമ്മിൽ പരിപോഷിപ്പിക്കാം. ●

# കഷ്ടങ്ങളിലും പ്രമോദം

മനുഷ്യനു പ്രമോദം നല്കത്തക്കവണ്ണം വചനത്തിനുള്ളിൽ സരസ സംഭാഷണങ്ങളോ നേരമ്പോക്കുകളോ ഒന്നുമില്ലല്ലോ. പിന്നെന്തിലാണ് പ്രമോദിക്കാനുള്ളത്? അതും കഷ്ടതയുടെ നേരത്ത്? ലോകപ്രകാരമാണെങ്കിൽ സാഹചര്യങ്ങളെ മറന്നിരിക്കത്തക്കവിധത്തിലുള്ള പലവിധ വിനോദോപാധികൾ ലഭ്യമാണ്, അതുമല്ലെങ്കിൽ വേദന മറക്കാൻ ഉറക്കഗുളികയോ മയക്കുമരുന്നോ ലഹരിയോ ഒക്കെ അവർക്കാശ്രയമായുണ്ട്. എന്നാൽ ഭക്തനായ സങ്കീർത്തനക്കാരൻ മേല്പറഞ്ഞതിനേക്കാളൊക്കെ ഫലവത്തായി കണ്ടെത്തിയതും പ്രമോദിച്ചതും ദൈവവചനത്തിലാണ്. വേദനയിലൂടെയും കഷ്ടതയിലൂടെയും കടന്നുപോകുമ്പോൾ മരുന്നുകളേക്കാൾ ഫലപ്രദമായി ആശ്വാസം നല്കുന്നത് ഉറ്റവരുടെ സാമീപ്യമാണ്. സ്നേഹമുള്ളവരുടെ ആശ്വാസവാക്കുകൾ ഔഷധത്തെക്കാൾ സുഖപ്രദവുമായിരിക്കും. അതാണ് ഭക്തന് വചനത്തിലുടെ ലഭിക്കുന്നത്. വചനത്തിന്റെ തനിമ തിരിച്ചറിയുന്ന ഒരുവന് വചനം ദൈവമാണ്. വചനധ്യാനം ദൈവസാമീപ്യത്തിന്റെ ഊർജമാണ് പ്രദാനം ചെയ്യുന്നത്. പ്രിയമുള്ളവരേ, കഷ്ടങ്ങളും പ്രതികൂലങ്ങളും ഏകാന്തതയും ബുദ്ധിമുട്ടിക്കുമ്പോൾ, സ്നേഹിക്കുന്ന പ്രാണപ്രിയന്റെ സാന്നിധ്യവും ശബ്ദവും അടുത്തറിയുന്നതെത്ര പ്രമോദമായിരിക്കും! കഷ്ടതകളെ അതിജീവിക്കാൻ അതിനേക്കാൾ ഫലപ്രദമായ ഔഷധം മറ്റെന്താണുള്ളത്? സുവിശേഷം നിമിത്തം നിരവധി വർഷങ്ങൾ ഏകാന്തതടവനുഭവിക്കേണ്ടിവന്ന ഒരു ഭക്തൻ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. ഏകാന്തവാസത്തിന്റെ വൈഷമ്യത്തെക്കുറിച്ചു ചോദിച്ചപ്പോൾ താൻ പറഞ്ഞതിന്റെ സാരാംശം ഇങ്ങനെയായിരുന്നു. അവരെന്നെ ഏകാന്തതടവിലാക്കിയെങ്കിലും ഞാൻ ഏകനല്ലായിരുന്നു. എന്റെ കർത്താവിനെ പുറത്താക്കി എന്നെ തനിച്ചാക്കാൻ പറ്റിയ ഒരിടവും അവർക്കറിയില്ലായിരുന്നു. വിശ്വാസത്താൽ നാമനുഭവിക്കുന്ന ദൈവസാന്നിധ്യവും വചനം പകരുന്ന ധൈര്യവും അതുല്യമാണ്. ●

നിൽ കടന്നിരിക്കുന്നു എന്നത് ഒരു സുന്ദര യാഥാർത്ഥ്യമായി അവസാനിച്ചാൽ മാത്രം പോരാ....... ജീവന്റെ സുരക്ഷിതക്കൂട്ടിലിരുന്ന് ഞാൻ പുറത്തോട്ടു നോക്കുമ്പോൾ ഇതാ പുറത്ത് മരണത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്ന അനേകരെ ഞാൻ കാണുന്നു.... കൊലക്കളത്തിലേയ്ക്ക് വിറച്ചുവിറച്ചു പോകുന്നവർ.... മൃത്യുവിന്റെ ചങ്ങലയിൽ കാൽ കുരുങ്ങിക്കിടക്കുന്നവർ!

ഒരിക്കൽ ഞാനിങ്ങനെ വിറച്ചുവിറച്ചു പൊയ്ക്കൊണ്ടിരുന്നപ്പോഴാണ് യേശു ഇറങ്ങിവന്ന് മരണച്ചങ്ങലയെ പൊട്ടിച്ച് കൈയ്ക്കുപിടിച്ച് എന്നെ ജീവന്റെ സുരക്ഷയിലേക്കു നടത്തിയത്! ഞാനിപ്പോൾ നോക്കുമ്പോൾ എന്റെ ഭൂതകാലം പോലെയാണ് എന്റെ ചുറ്റുമുള്ളവരുടെ വർത്തമാനകാലം! എനിക്കു ജീവൻ പ്രാപിക്കാൻ കഴിഞ്ഞു. അവർക്കും ജീവൻ പ്രാപിക്കാൻ കഴിയും....യേശു അവരുടെ അടുത്തു തന്നെയുണ്ട്.... എന്നാൽ അവർ അതു കാണുന്നില്ല! യേശുവിങ്കലേക്കു അവരൊന്നു തിരിഞ്ഞാൽ മതി.... അവരുടെ മരണച്ചങ്ങല പൊട്ടിച്ചിതറും... അവർ സ്വതന്ത്രരാവും, ജീവൻ പ്രാപിക്കും.... എന്നാൽ, യേശു അവർക്കരികിലുണ്ടെന്ന് അവരറിയുന്നില്ല! ഞാനെന്തു ചെയ്യണം! സുരക്ഷിതമായ ഈ കണ്ണാടിക്കൂട്ടിൽ സുഖശീതളിമയുടെ പുതപ്പിൽ നൂണ്ടു കയറിക്കിടക്കണോ, അതോ മരണത്തിലേക്കു വേച്ചുവേച്ചു പോകുന്നവരെ രക്ഷിക്കാൻ നോക്കണോ? തീർച്ചയായും ഞാൻ ഇറങ്ങിച്ചെന്നേ പറ്റൂ....സാജു നരകത്തിലേയ്ക്ക് വിറച്ചു വിറച്ചു പോകുന്നതുകണ്ട് ദൈവം തന്റെ പുത്രനെ ഭൂമിയിലേയ്ക്ക് മരിക്കാൻ പറഞ്ഞുവിട്ടെങ്കിൽ, എന്റെ മരണച്ച ങ്ങല പൊട്ടിച്ചെറിയാൻ യേശു സ്വർഗ്ഗം വിട്ട് ഭൂമിയിലേയ്ക്ക് ഇറങ്ങിവന്നെങ്കിൽ എന്റെ സഹോദരങ്ങളെ അറവുശാലയിലേയ്ക്ക് കൊലയ്ക്കായി കൊണ്ടു പോകുമ്പോൾ ഞാൻ മൗനം പാലിക്കുകയോ? ഒരിക്കലുമില്ല!

ഇതാ, ഞാൻ അവരുടെയടുത്തേക്ക് ഇറങ്ങിയോടിച്ചെല്ലുകയാണ്. ലോകം കുരുടാക്കിയ അവരുടെ കണ്ണുകൾ എനിക്ക് യേശുവിനു നേരെ തുറന്നുപിടിക്കണം. ലോകം ബധിരമാക്കിയ അവരുടെ കാതുകളിൽ എനിക്കു വിളിച്ചുകൂവണം: നിങ്ങളുടെ മരണച്ചങ്ങല പൊട്ടിച്ചെറിയാൻ ഇതാ യേശു വന്നിരിക്കുന്നു... മരണം വിട്ട് ജീവനിലേക്കു കടക്കാൻ ഇതാ സമയമായിരിക്കുന്നു! ഫെയ്സ് ഓഫ് ഗിൽറ്റിൽ എൺപതു വയസ്സുകഴിഞ്ഞ വൃദ്ധയുടെ

**ജീവന്റെ സുരക്ഷിതക്കൂട്ടിലിരുന്ന് ഞാൻ പുറത്തോട്ടു നോക്കുമ്പോൾ ഇതാ പുറത്ത് മരണത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്ന അനേകരെ ഞാൻ കാണുന്നു.... കൊലക്കളത്തിലേയ്ക്ക് വിറച്ചുവിറച്ചു പോകുന്നവർ.... മൃത്യുവിന്റെ ചങ്ങലയിൽ കാൽ കുരുങ്ങിക്കിടക്കുന്നവർ!ഒരിക്കൽ ഞാനിങ്ങനെ വിറച്ചുവിറച്ചു പൊയ്ക്കൊണ്ടിരുന്നപ്പോഴാണ് യേശു ഇറങ്ങിവന്ന് മരണച്ചങ്ങലയെ പൊട്ടിച്ച് കൈയ്ക്കുപിടിച്ച് എന്നെ ജീവന്റെ സുരക്ഷയിലേക്കു നടത്തിയത്!**

ഒരു സാക്ഷിമൊഴിയാണ് കൊലക്കയർ മുമ്പിൽ കണ്ട നാലു യുവാക്കളെ ജീവനിലേയ്ക്കു മടക്കിക്കൊണ്ടുവന്നത്. ഇവിടെയിതാ, എന്റെ സാക്ഷിവചനത്താൽ വീണ്ടെടുക്കപ്പെടേണ്ട അനേകർ എന്റെ അനാസ്ഥ കൊണ്ട് നിത്യനാശത്തിലേയ്ക്ക് വിറച്ചു വിറച്ചു പോകുന്നു......

സത്യസാക്ഷി പ്രാണരക്ഷ ചെയ്യുന്നു (A true witness delivereth souls) എന്നാണ് ശലോമോൻ പറയുന്നത് (സദൃശവാക്യങ്ങൾ 14:25). നിത്യമരണത്തിന്റെ കൊലക്കളത്തിലേയ്ക്കു വേച്ചുപോകുന്നവനെ രക്ഷിക്കാൻ സത്യത്തിന്റെ സാക്ഷിക്കുമാത്രമേ കഴിയൂ...എന്റെ സാക്ഷിമൊഴിയുടെ അഭാവത്തിൽ അവർക്കു നഷ്ടപ്പെടുന്നതു നിത്യജീവനാണ്. അത് എനിക്കു സഹിച്ചുകൂടാ.....അത് നമുക്കു സഹിച്ചുകൂടാ....

നമ്മുടെ അയൽക്കാരന്റെ, ബന്ധുവിന്റെ, സ്നേഹിതന്റെ മരണത്തിനും ജീവനുമിടയ്ക്കു നമ്മുടെ ഒരു സാക്ഷ്യത്തിന്റെ അകലം മാത്രമേയുള്ളൂ. അതിന്റെ അഭാവത്തിൽ ആ വ്യക്തി നിത്യമരണത്തിലേയ്ക്കു കൂപ്പുകുത്തരുത്! മരണം വലിച്ചിഴച്ചു കൊണ്ടുപോകുന്ന ജീവിതങ്ങൾ നമ്മിൽ ഒരു വേദനയാകട്ടെ. നമ്മുടെ സാക്ഷ്യത്തിന്റെ അഭാവത്തിൽ ഒരാളും നരകത്തിലേയ്ക്കു പോകാൻ ഇടയാകാതെ ക്രിസ്തുവിനെ ക്കുറിച്ചുള്ള നമ്മുടെ സാക്ഷ്യ മൊഴിയാൽ അവർ ജീവിക്കുവാൻ നമുക്കുണർന്നു പ്രവർത്തിക്കാം... •

# ദുര മൂത്താൽ കരയും....



**ഫോ**റിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് സെക്ഷൻ 37 പ്രകാരം കേരളം ആസ്ഥാനമായുള്ള ഒരു സ്വകാര്യ സ്ഥാപനത്തിന്റെ 305.84 കോടി രൂപയുടെ ആസ്തികൾ ഹവാല ഇടപാട് കണ്ടെത്തിയ തിനെ തുടർന്നു എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് 24 . 02 . 2023 ൽ കണ്ടുകെട്ടി. ഈ വാർത്ത സോഷ്യൽ മീഡിയ അടക്കം പല മാധ്യമ ങ്ങളും റിപ്പോർട് ചെയ്തിരുന്നതും അപ്പോൾത്തന്നെ കോടികളുടെ പരസ്യം ലഭിക്കുന്ന പല പ്രമുഖ മാധ്യമങ്ങളും ഈ വാർത്ത മറച്ചു വച്ചതും ശ്രദ്ധിച്ചിരിക്കുമല്ലോ. ജോയ് ആലുക്കാസ് വർഗീസിന്റെ ഉടമ സ്ഥതയിലുള്ള കമ്പനിയിലാണ് ഇ ഡി പരിശോധന നടത്തിയത്. ജോയ് ആലുക്കാസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ചെയർമാനാനാ ണ് ജോയ് ആലുക്കാസ്. ജോയ് ആലുക്കാസ് ഗ്രൂപ്പിനെ ഞെട്ടിച്ചാണ് മിന്നൽ റെയിഡിലൂടെ ഗ്രൂപ്പിന്റെ ഹവാല ഇടപാടുകൾ കഴിഞ്ഞ ദിവസം ഇഡി കണ്ടെത്തിയത്. ഇന്ത്യയിൽ നിന്നു ഹവാല ചാനലു കൾ വഴി കോടികൾ ദുബായിലേക്ക് കടത്തുകയാണ് ജോയ് ആലുക്കാസ് ചെയ്തത്. ഫെമ ആക്ടിന്റെ (Foreign Exchange Management Act) നഗ്നമായ ലംഘനമാണ് ജോയ് ആലുക്കാസ് നട ത്തിയത്. ഇന്ത്യയിൽ നിന്നു ഹവാല വഴി കടത്തിയ കോടികൾ ജോയ് ആലുക്കാസ് തന്റെ തന്നെ ദുബായിലുള്ള ജ്വല്ലറിയിൽ നിക്ഷേപിക്കുകയായിരുന്നു എന്നാണ് ഇഡി വാർത്താക്കുറിപ്പിൽ പറയുന്നത്.

രാജ്യത്തിലെ വിഭവസമ്പത്തിന്റെ 90 ശതമാനവും ഏതാണ്ട് 10 ശതമാനത്തിൽ താഴെ വരുന്ന ധനാ ഢ്യർ കൈ വശം വച്ചനുഭവിക്കുമ്പോൾ ബഹുഭൂരിപക്ഷം വരുന്ന 90 ശതമാനത്തോളം സാധാരണ ക്കാർക്കു ബാക്കിയുള്ള 10 ശതമാനം മാത്രമാണ് ലഭ്യമാകുന്നത്. വിഭവ സമ്പത്തിന്റെ പങ്കിടൽ യാതൊരു നീതിബോധവുമില്ലാതെ, ചൂഷണം ചെയ്യുന്നവരുടെ അത്യാർത്തി നിമിത്തം സാധാരണ ക്കാർ ദരിദ്രരായി മാറുന്നു. ഇന്ന് നമുക്ക് ചുറ്റും കാണുന്ന അഴിമതിയുടെയും കൊള്ളയുടെയും കാരണം ഇത്തരം ആർത്തി മൂത്തവരാണ്. വിശക്കുന്നവന്റെ വിശപ്പറിയാത്ത ധനികന് സാധാരണ ക്കാരന്റെ ജീവിതഭാരങ്ങളോ ഹൃദയ വേദനയോ മാനസികനിലയോ തിരിച്ചറിയുവാൻ കഴിയുകയില്ല.

ഭരണ സംവിധാനങ്ങളും നീതിന്യായ വ്യവസ്ഥിതിയും ഉദ്യോഗസ്ഥ വൃന്ദങ്ങളും, കടമകളും ഉത്തരവാദിത്തങ്ങളും നീതിയും ന്യായവും മറന്നു, സമ്പന്നന്മാരുടെ ആജ്ഞാനുവർത്തികളും വെറും നോക്കുകുത്തികളുമായി ലേശം പോലും മനസ്സലിവില്ലാത്ത കഠിനഹൃദയന്മാരായി പ്രവർത്തിച്ചാൽ സാധാരണ ജനത്തിന് നീതിയോ ന്യായമോ എങ്ങനെ ലഭിക്കും? മഹാധനികന്മാരായവർ ബാങ്കുക ളിലേയ്ക്കോ മറ്റിതര സ്ഥാപനങ്ങളിലേയ്ക്കോ അടയ്ക്കാനുള്ളത് എത്ര വലിയ തുകയായാലും കണ്ണടച്ച് കളയുകയും, അതെ സമയം അത്താഴപ്പട്ടിണിക്കാരൻ അടയ്ക്കാനുള്ളത് എത്ര ചെറിയ തുക ആയാലും അത് അവരിൽ നിന്നും ഈടാക്കുവാൻ അധികാരികൾ കാണിയ്ക്കുന്ന വ്യഗ്രത അവരോടു കാണിക്കുന്ന കൊടും ക്രൂരതയല്ലേ?

ഇത്തരം ഇരട്ടത്താപ്പ് നയങ്ങൾ അവസാനിച്ചു എല്ലാ മേഖലകളിലും നീതിയോടും ന്യായത്തോടും ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്ന ഒരു ഭരണ സംവിധാനം നിലവിൽ വരുവാൻ, ബൈബിൾ ഭാഷ യിൽ പറഞ്ഞാൽ നീതിയോടെ വാഴുന്ന രാജാധി രാജാവായ യേശുകർത്താവ് ഭരണഭാരം ഏൽക്കുക തന്നെ വേണം. ഇതാ, ഒരു രാജാവ് നീതിപൂർവം ഭരിക്കും, ഭരണാധിപന്മാർ ന്യായത്തോടെ അധി കാരം നടപ്പിലാക്കും. ഓരോരുത്തനും കാറ്റിൽനിന്നുള്ള ഒരഭയസ്ഥാനവും കൊടുങ്കാറ്റിൽനിന്നുള്ള രക്ഷാസങ്കേതവും ആയിത്തീരും, അവർ മരുഭൂമിയിൽ നീർത്തോടുകൾപോലെയും വരണ്ടുണങ്ങിയ ദേശത്ത് വൻപാറയുടെ നിഴൽപോലെയും ആയിരിക്കും. കാണുന്നവരുടെ കണ്ണുകൾ അന്ന് അന്ധമാ കുകയില്ല; ചെവിയുള്ളവർക്കെല്ലാം അതു കേൾക്കാൻ കഴിയും. യെശയ്യാവ് പറയുന്ന ഈ പ്രവചനം അനതിവിദൂര ഭാവിയിൽ നിറവേറുമെന്നു പ്രത്യാശിക്കാം. ●

# ക്രൈസ്തവ സഹനം

ചില മാസങ്ങളായി ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ക്രൈസ്തവസമൂഹം പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നു പോകുന്നതിന്റെ വാർത്തകൾ മാധ്യമങ്ങളിൽ സുലഭമാണ്. അവയിൽ ഏറ്റവും ദയനീയമായ വാർത്തകൾ വന്നത് ഛത്തീസ്ഗഡിലെ നാരായണൻപൂർ ജില്ലയിൽ നിന്നായിരുന്നു. ക്രിസ്ത്യാനികളുടെ വീടുകളും ആരാധനാലയങ്ങളും ഇതര സ്ഥാപനങ്ങളും നശിപ്പിച്ച്, മർദ്ദിച്ചവശരാക്കി, ഗ്രാമങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവർ അവിടെ നൂറുകണക്കിനായിരുന്നു. യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞു ഹൈന്ദവമതത്തിലേക്ക് തിരികെ ചെല്ലാൻ തയ്യാറാകാത്ത സ്ത്രീകളെയും കുട്ടികളെയും പുരുഷന്മാരെയും നഗ്നരാക്കി ക്രൂരമായി മർദ്ദിച്ച സംഭവങ്ങളാണ് അവിടെ അരങ്ങേറിയത്.

ഉവ്വ്, ഏത് കാലത്തും ക്രിസ്തുവിന് വേണ്ടി നിന്ദയും അപമാനവും കഷ്ടവും അനുഭവിക്കുന്നവർ വളരെയാണ്. യേശുകർത്താവ് അവിടുത്തെ ശിഷ്യന്മാരോട് മുന്നറിയിപ്പ് നൽകിയത് ഇപ്രകാരമായിരുന്നുവല്ലോ. ‘എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും, അവസാനത്തോളം സഹിച്ചു നിൽക്കുന്നവനോ രക്ഷിക്കപ്പെടും. യേശുവിന്റെ ശിഷ്യനായ പത്രോസിന്റെ വാക്കുകൾ പീഡാനുഭവങ്ങളിലൂടെ കടന്നുപോകുന്ന ഓരോ ക്രിസ്തു വിശ്വാസികൾക്കും ഉള്ള ഉത്തേജക മരുന്നാണ്. പത്രോസ് ഇങ്ങനെ ഓർപ്പിച്ചു. ‘ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്ക് ഉള്ളവർ ആകുന്തോറും സന്തോഷിച്ചു കൊള്ളുവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിക്കുവാൻ ഇടവരും . യേശുവിനെ തള്ളിപ്പറഞ്ഞു മരണത്തിൽ നിന്ന് ജീവനിലേക്ക് രക്ഷപ്പെടാൻ ഉപദേശിച്ച രാജാവിനോട് വിശുദ്ധ പോളിക്കാർപ്പിന്റെ മറുപടി ഇങ്ങനെയായിരുന്നു. ‘കഴിഞ്ഞ 86 വർഷമായി ഞാൻ ക്രിസ്തുവിനെ സേവിച്ചു വരുന്നു. അവിടുന്ന് ഇതുവരെ എനിക്കൊരു ദോഷവും ചെയ്തിട്ടില്ല. എനിക്ക് എങ്ങനെ എന്റെ രാജാവിനെ നിന്ദിക്കാൻ ആവും? ഞാൻ ക്രിസ്തുവിന്റെ അനുയായിയാണ് . ഇംഗ്ലണ്ടിലെ മേരി രാജ്ഞിയുടെ പീഡനത്തിൽ നിന്ന് രക്ഷപ്പെടാൻ രാജ്യം വിട്ടു പോകുവാൻ ഉപദേശിച്ച സുഹൃത്തുക്കളോട് ദുരുപദേശങ്ങളോട് പോരാടിയ സുവിശേഷകൻ ഡോക്ടർ റോളൻസ് ടെയ്‌ലറിന്റെ മറുപടി ഇപ്രകാരമായിരുന്നു. ‘ദുഷ്ടന്മാരെ ഭയന്ന് ഓടി രക്ഷപ്പെടുന്നതിനേക്കാൾ സത്യത്തിനു വേണ്ടി മരിക്കുന്നതാണ് ഉചിതം.

ക്രിസ്തുവിന് വേണ്ടി നിന്ദയും അപമാനവും മരണവും സഹിക്കുന്നവരുടെ രക്തവും വിയർപ്പും ആണ് സഭയുടെ വിത്ത്. അതേ, സഹിക്കുന്നവർക്ക് മാത്രമേ ക്രിസ്തുവിനോടൊപ്പം യുഗായുഗം വാഴുവാൻ കഴിയൂ.

**–എംസി**

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.


RNI No. KERMAL/2012/46138
Date of Publishing 10.03.2023

NERVEEDHI - MARCH 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No. KL/KTM/150/2023-2025


## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ






















SOUTH INDIAN Bank

RIGHTEOUS PATH PUBLICATION TRUST

Vpa Id:qr.nerveedhi@sib

BHIM UPI

Scan and Pay using any UPI App

SIB Mirror+

Paytm amazon pay MobiKwik

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...

കൂടുതൽ വിവരങ്ങൾക്ക് :

Mob:9495435336, 8547916678


Address for Communication :

**NERVEEDHI,**
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.